# കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ സബ്സിഡിയും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(എം.എസ്)നം.229/2012/തസ്വഭവ തിരുവനന്തപുരം, തിയതി.25/08/2012

---

പരാമർശം : 1. 15/06/2012 ലെ സ.ഉ(എം.എസ്)നം.168/12/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്

2. 01/08/2012 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ ഇനം നമ്പർ 2.2 തീരുമാനം.

3. 18/08/2012 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം.225/12/തസ്വഭവ.

**ഉത്തരവ്**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ പരാമർശ ഉത്തരവുകൾ മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ തുടർച്ചയായി, സബ്സിഡി മാനദണ്ഡങ്ങളും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു. സബ്സിഡി മാനദണ്ഡങ്ങളും ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച് മുമ്പ് പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്ക് പകരമാണ് ഈ മാർഗ്ഗരേഖഎന്നു സർക്കാർ ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

വി.എസ് സെന്തിൽ

പ്രിൻസിപ്പൽ സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
5. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൻമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സൺമാർക്കും
7. എല്ലാ ജില്ലാ കളക്ടർമാർക്കും, ജില്ലാ ആസൂത്രണ സമിതി സെക്രട്ടറിമാർക്കും
8. സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
9. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
10. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്
11. പഞ്ചായത്ത് ഡയറക്ടർ

12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. പൊതുവിദ്യാഭ്യാസ ഡയറക്ടർ
15. പട്ടികജാതി വികസന ഡയറക്ടർ
16. പട്ടികവർഗ്ഗ വികസന ഡയറക്ടർ
17. ഹയർ സെക്കന്ററി വിദ്യാഭ്യാസ ഡയറക്ടർ
18. ഹെൽത്ത് സർവ്വീസ് ഡയറക്ടർ
19. പബ്ലിക് റിലേഷൻസ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
20. മറ്റ് എല്ലാ വകുപ്പ് മേധാവികൾക്കും
21. മുഖ്യ നഗരാസൂത്രക
22. ഡയറക്ടർ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
23. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
24. എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം.
25. എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും
26. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
27. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ)
28. കൺവീനർ, സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (കനറാ ബാങ്ക്, തിരുവനന്തപുരം) (ഉപരിപത്രം സഹിതം)
29. എല്ലാ കൺവീനർമാർക്കും ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികൾ (ഉപരിപത്രം സഹിതം)
30. ഡയറക്ടർ ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
31. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
32. ജനറൽ സെക്രട്ടറി, കേരള പഞ്ചായത്ത് അസോസിയേഷൻ
33. സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
34. സെക്രട്ടറി, മുൻസിപ്പൽ ചെയർപേഴ്സൻമാരുടെ ചേംബർ
35. സെക്രട്ടറി ജില്ലാ പഞ്ചായത്ത് പ്രസിഡണ്ടുമാരുടെ ചേംബർ
36. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
37. അക്കൗണ്ടന്റ് ജനറൽ (എ.ആന്റ്.ഇ) കേരള തിരുവനന്തപുരം

പകർപ്പ്: മുഖ്യമന്ത്രിയുടെ സെക്രട്ടറിക്ക്
പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഗ്രാമവികസനവും ആസൂത്രണവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
നഗരവകാര്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

# ഉള്ളടക്കം

1. ഉദ്ദേശ്യം

2. പൊതു നിബന്ധനകൾ

3. സബ്സിഡി നിരക്കുകൾ/മാനദണ്ഡങ്ങൾ

4. സഹകരണ സംഘങ്ങൾക്ക് ധനസഹായം

5. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം

6. പരിപാടികൾ

7. പൊതുവായ കാര്യങ്ങൾ

# തദ്ദേശഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012–2017) :
# സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ

## 1. ഉദ്ദേശ്യം

**1.1.** വ്യക്തിഗതമായ സബ്സിഡിയിൽ ഗുണഭോക്താക്കളുടെ മുതൽമുടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് നൽകുന്നത്.

**1.2.** ഉത്പാദനമേഖലയിലെ വ്യക്തിഗത സബ്സിഡി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോഅനുപൂരകമായോ മുതൽമുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായശ്രമമാണ്.

**1.3.** ഗുണഭോക്താവിന്റെ സ്വന്തം ആവശ്യത്തിനുവേണ്ടി ഗുണഭോക്താവ് സ്വയം നടത്തുന്ന/നടത്തേണ്ട പ്രവർത്തനത്തിന്, പൊതുധനത്തിൽ നിന്ന് (Public Fund) നൽകുന്ന സഹായമാണ്.

**1.4.** സ്ഥാപനങ്ങൾക്ക് നൽകുന്ന ധനസഹായം പ്രാദേശികമായ ഉത്പാദന/തൊഴിൽ വർദ്ധനവ് സാധ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രോത്സാഹനമാണ്.

**1.5.** അതിനാൽ എല്ലാ സബ്സിഡി പ്രോജക്ടുകളും ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന സംയോജിത പരിപാടിയുടെ ഭാഗമായിരിക്കേണ്ടതാണ്.

**1.6.** എല്ലാ ഗ്രൂപ്പ് സംരംഭങ്ങളിലും കുടുംബശ്രീ സംവിധാനത്തിന്/യൂണിറ്റുകൾക്ക് മുൻഗണന നൽകേണ്ടതാണ്.

## 2. പൊതു നിബന്ധനകൾ

**2.1.** സബ്സിഡി സംബന്ധിച്ച് ഈ മാർഗ്ഗരേഖയിൽ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങൾ അതത് പ്രോജക്റ്റിൽ അർഹതാ മാനദണ്ഡങ്ങളായി നിർബന്ധമായും ചേർക്കേണ്ടതാണ്.

**2.2.** ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതെങ്കിലും ഇനത്തിനോ, ഓരോ ഇനത്തിനും പറഞ്ഞ പ്രകാരമല്ലാത്ത വിഭാഗങ്ങൾക്കോ, ഓരോ ഇനത്തിനും പറഞ്ഞിട്ടുള്ളതിൽ അധികരിച്ച നിരക്കിലോ തുകയിലോ സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.



**2.3.** സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും ഈ മാർഗ്ഗരേഖയിൽ പറഞ്ഞതിന് വിരുദ്ധമായി നൽകിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/വ്യക്തികളിൽ നിന്ന് ബാധകമായ നിയമവ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതുമാണ്.

**2.4.** ഒരിനത്തിന് മറ്റേതെങ്കിലും സർക്കാർ വകുപ്പിൽ നിന്നോ ഏജൻസിയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ സർക്കാർ ധനസഹായം ലഭിക്കുന്ന വ്യക്തിക്ക്/ഗ്രൂപ്പിന്/സ്ഥാപനത്തിന് അതേ ഇനത്തിന് ഈ മാർഗരേഖ പ്രകാരമുള്ള സബ്സിഡിക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.

**2.5.** സ്ഥാവരമോ ജംഗമോ ആയ ആസ്തികൾക്ക്, മുൻ വർഷങ്ങളിൽ സർക്കാർ ധനസഹായമോ തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നുള്ള ധനസഹായമോ ലഭിച്ചിട്ടുള്ളവർ, സർക്കാർ /തദ്ദേശഭരണ സ്ഥാപനം നിശ്ചയിക്കുന്ന നിശ്ചിതകാലാവധിക്കുശേഷം മാത്രമേ അതേ ഇനങ്ങൾക്ക് വീണ്ടും സബ്സിഡി ലഭിക്കുന്നതിന് അർഹരാകുകയുള്ളൂ.

## 3. സബ്സിഡി നിരക്കുകൾ/മാനദണ്ഡങ്ങൾ

വ്യക്തികൾക്ക്/കുടുംബങ്ങൾക്ക്/ഗ്രൂപ്പുകൾക്ക് ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക്, തുക, മാനദണ്ഡങ്ങൾ എന്നിവ ചുവടെ വിവരിക്കുന്ന പ്രകാരമായിരിക്കുന്നതാണ്.

3.1. കൃഷി

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | a) ജൈവവളം, കുമ്മായം* (പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന കമ്പോസ്റ്റ് വളങ്ങൾ ഉൾപ്പെടെ) | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 75% | • നാമമാത്ര കർഷകർക്കും (ഒരു ഹെക്ടറോ അതിൽ കുറവോ ഭൂമി സ്വന്തമായുള്ളവർ) ചെറുകിട കർഷകർക്കും (ഒന്നു മുതൽ രണ്ടു ഹെക്ടർ വരെ ഭൂമി സ്വന്തമായുള്ളവർ) മാത്രം. 2 ഹെക്ടർ വരെ ഭൂമിയിൽ പാട്ടകൃഷി നടത്തുന്ന ഗ്രൂപ്പുകൾ<br>• സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ്<br>• പ്രാദേശികമായി ഉത്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങളുടെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ കൃഷി വകുപ്പ് നിശ്ചയിക്കേണ്ടതാണ്.<br>• പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന ജൈവ കമ്പോസ്റ്റ് വളങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനം നടത്തുന്ന മാലിന്യസംസ്കരണ പ്ലാന്റിൽ നിന്ന് നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റി വാങ്ങി വിതരണം ചെയ്യേണ്ടതാണ്. |
| | b) രാസവളം | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 50% | |
| 2. | ജൈവകീടനാശിനി ഉൾപ്പെടെയുള്ള കീടനാശിനികൾ* | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 50% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ് |
| 3. | നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ* | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 100% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ് |
| 4. | മറ്റ് ഫല-പുഷ്പ-കിഴങ്ങ് കൃഷിക്കുള്ള വിത്തുകളും തൈകളും* | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 75% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• സബ്സിഡി വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ് |
| 5. | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി* | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | ഒരു ഹെക്ടറിനു 4500 രൂപ | • നാമമാത്ര -ചെറുകിട കർഷകർക്ക് മാത്രം<br>• കൃഷി ചെയ്തിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ ഉറപ്പുവരുത്തണം<br>• നെൽകൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം<br>• നടീലും കൊയ്ത്തും ഒഴികെയുള്ള പ്രവർത്തനങ്ങളിൽ എം.ജി. എൻ ആർ.ഇ. ജി.എസിന്റെ സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.<br>• ഉൽപ്പാദനോപാധികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റേതെങ്കിലും സ്കീം പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല. വിള ഇൻഷ്വറൻസ് തുക മുൻകൂറായി കർഷകൻ അടയ്ക്കണം<br>• ഗ്രാമപ്രദേശങ്ങളിൽ ഗ്രാമ-ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് സംയുക്തമായും ഒറ്റയ്ക്കും നടപ്പിലാക്കാം. എന്നാൽ നിർവഹണം ഗ്രാമപഞ്ചായത്തായിരിക്കണം |
| 6. | പച്ചക്കറി കൃഷിക്ക് കൂലിച്ചെലവ് സബ്സിഡി* | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | ഒരു ഹെക്ടറിനു 10,000 രൂപ | • നാമമാത്ര -ചെറുകിട കർഷകർക്ക് മാത്രം<br>• കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി കുറവാണെങ്കിൽ ആനുപാതിക തുക നൽകാം<br>• ഉൽപ്പാദനോപാധികൾക്ക് പുറമെ ഈ സബ്സിഡി നൽകാം. എന്നാൽ മറ്റേതെങ്കിലും സ്കീം പ്രകാരം പച്ചക്കറി കൃഷിക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നവർ ഈ സബ്സിഡിക്ക് അർഹരല്ല.<br>• നടീലും വിളവെടുപ്പും ഒഴികെയുള്ള കാർഷിക പ്രവർത്തനങ്ങൾക്ക് എം.ജി.എൻ. ആർ.ഇ.ജി.എസിന്റെ സാധ്യത ഉപയോഗപ്പെടുത്തണം. ആവർത്തന കൃഷിക്ക് സബ്സിഡി നൽകാം. |

| | | | | |
|---|---|---|---|---|
| | | | | • കൃഷി ചെയ്തിട്ടുണ്ടെന്ന് കൃഷി ഓഫീസർ ഉറപ്പുവരുത്തണം<br>• കുറഞ്ഞത് 10 സെന്റ് സ്ഥലത്ത് കൃഷിചെയ്യണം. |
| 7. | പമ്പ് സെറ്റ്, കുറ്റിപ്പമ്പ്, പവർ സ്പ്രേയർ, കളനീക്കൽ ഉപകരണം, കാടുവെട്ട് യന്ത്രം, മെതിയന്ത്രം* (വ്യക്തിഗതം) | പൊതുവിഭാഗം | 50% | • നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• ഓരോ ഇനത്തിന്റെയും യൂണിറ്റ് കോസ്റ്റ് കൃഷിവകുപ്പ് നിശ്ചയിക്കണം<br>• സബ്സിഡി അവരുടെ അക്കൗണ്ടിൽ നൽകേണ്ടതാണ്<br>• കുറഞ്ഞത് 50 സെന്റ് കൃഷി സ്ഥലവും ജലസ്രോതസ്സും ഉള്ളവർക്ക് മാത്രമേ പമ്പ് സെറ്റ് നൽകാവൂ<br>• കൃഷി മുഖ്യ തൊഴിലായിട്ടുള്ള കുറഞ്ഞത് ഒരു ഏക്കർ കരഭൂമിയുള്ളവർക്ക് മാത്രമേ കാടുവെട്ട് യന്ത്രം നൽകാവൂ<br>• കൃഷി മുഖ്യ തൊഴിലായിട്ടുള്ള കുറഞ്ഞത് ഒരു ഏക്കർ നെൽവയൽ (നിലം) ഉള്ളവർക്ക് മാത്രമേ പവർ സ്പ്രേയർ, മെതിയന്ത്രം എന്നിവ നൽകാവൂ |
| | | പട്ടികജാതി/പട്ടികവർഗ്ഗം | 75% (ഒരു കുടുംബത്തിന് പരമാവധി നൽകാവുന്ന സബ്സിഡി തുക രൂപ 7500 രൂപ) | |
| 8. | കുറ്റിപ്പമ്പ്, പവർ സ്പ്രേയർ, കളനീക്കൽ ഉപകരണം, കാടുവെട്ട് യന്ത്രം, മെതിയന്ത്രം, ട്രാക്ടർ, ടില്ലർ, നടീൽ യന്ത്രം, കൊയ്ത്ത് യന്ത്രം, മെതിയന്ത്രം, വിന്നോവർ (സമിതികൾക്ക്/സംഘങ്ങൾക്ക്) | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 75% | • കർഷകർ മാത്രം അംഗങ്ങളായിട്ടുള്ള സഹകരണ സംഘങ്ങൾ, രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾ, പ്രാദേശിക തൊഴിലാളികളുടെ രജിസ്റ്റർ ചെയ്ത ഗ്രൂപ്പുകൾ, കൃഷിഭവന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന രജിസ്റ്റർ ചെയ്ത കാർഷിക കർമ്മസേനകൾ, രജിസ്റ്റർ ചെയ്ത കർഷക ഗ്രൂപ്പുകൾ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചതും രജിസ്റ്റർ ചെയ്തതുമായ വനിതാ കർഷക സംഘങ്ങൾ എന്നിവയ്ക്ക് നൽകാം.<br>• ഇവയുടെ ഉടമസ്ഥത പഞ്ചായത്തിനായിരിക്കുന്നതും വിൽക്കാനോ കൈമാറ്റം ചെയ്യാനോ പാടില്ലാത്തതുമാകുന്നു<br>• യന്ത്രങ്ങൾ ശരിയായി സംരക്ഷിക്കുമെന്നും പൊതു കാർഷിക ആവശ്യത്തിനു മാത്രമേ ഉപയോഗിക്കൂ എന്നും അവ നൽകപ്പെടുന്ന സ്ഥാപനവുമായി ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം. കൂടാതെ സ്വകാര്യ വ്യക്തികൾ ഈടാക്കുന്നതിനേക്കാൾ കുറഞ്ഞത് 25% കുറഞ്ഞ വാടക നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാം എന്നും കരാർ വ്യവസ്ഥ വേണം. |
| 9. | പുതിയ ജലസേചന കിണർ (തുറന്ന കിണർ) | പൊതുവിഭാഗം | 75% (പരമാവധി തീരദേശം 10000/-രൂപ ഇടനാട് 15000 രൂപ, മലനാട് 20,000 രൂപ) | • മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ<br>• നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രം<br>• പച്ചക്കറി കൃഷിക്കാണെങ്കിൽ കുറഞ്ഞത് 20 സെന്റും മറ്റ് കൃഷികൾക്കാണെങ്കിൽ കുറഞ്ഞത് 50 സെന്റും കൃഷിഭൂമി ഉണ്ടായിരിക്കണം<br>• റഫ് കോസ്റ്റ് എസ്റ്റിമേറ്റ് വേണം. വാലുവേഷൻഎടുക്കണം. ഓവർസിയർ/എൻജിനീയർ ആണ് എടുക്കേണ്ടത്.<br>• യൂണിറ്റ് കോസ്റ്റ് തദ്ദേശശ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം ജില്ലാ തലത്തിൽ നിശ്ചയിക്കണം |
| | | പട്ടികജാതി/പട്ടികവർഗ്ഗം | 90% ( പരമാവധി 17500 രൂപ) | |
| 10. | പച്ചക്കറികൃഷി ടെറസ്സിലും മുറ്റത്തും | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 50% (മൺ ചട്ടി ഒന്നിന് പരമാവധി 75 രൂപ) | • വിത്തുകൾ സൗജന്യമായി നൽകാം<br>• പണമായും നൽകാം<br>• സ്ഥലവിസ്തൃതി കണക്കിലെടുത്ത് ഒരു കുടുംബത്തിന് പരമാവധി 25 മൺചട്ടി വരെ നൽകാം |

**കുറിപ്പ്**

1. ക്രമ നമ്പർ (1) മുതൽ (6) വരെ ഇനങ്ങളിലെ സബ്സിഡി പാട്ടഭൂമിയിൽ കൃഷി നടത്തുന്ന വ്യക്തികൾക്കും പാട്ടകൃഷി നടത്തുന്ന കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും നൽകാവുന്നതാണ്. എന്നാൽ പാട്ടകൃഷി ചെയ്യുന്നതിന് സ്ഥലമുടമ നൽകിയിട്ടുള്ള സമ്മതപത്രം ഹാജരാക്കിയിരിക്കണം.
2. ക്രമ നമ്പർ 8 ൽ പറഞ്ഞ ഉപകരണങ്ങളും യന്ത്രങ്ങളും കൂടാതെ കമ്പൈൻഡ് കൊയ്ത്ത് - മെതിയന്ത്രം, സ്ട്രോബേലർ എന്നിവയും ഗ്രാമപഞ്ചായത്ത്/നഗരഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. ഇങ്ങനെ വാങ്ങുന്നവയുടെ നിയന്ത്രണം, മേൽനോട്ടം, നടത്തിപ്പ് എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത്/നഗരസഭാതലത്തിൽ ഒരു സമിതി രൂപീകരിക്കണം. ഈ സമിതിയിൽ ക്രമനമ്പർ 8 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളുടെ പ്രതിനിധികൾ അംഗങ്ങളായിരിക്കണം. ഈ

സമിതിയുടെ ചെയർപേഴ്സൺ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ അദ്ധ്യക്ഷനും കൺവീനർ കൃഷി ഓഫീസറും ആയിരിക്കേണ്ടതാണ്. യന്ത്രങ്ങൾ/ഉപകരണങ്ങൾ കരാർ ഉടമ്പടി വെച്ച് നടത്തിപ്പിനായി ഇനം 8 ൽ കോളം 5 ൽ പറഞ്ഞിട്ടുള്ള സമിതികളെ ഏല്പിക്കാവുന്നതാണ്. വേണമെങ്കിൽ സ്വന്തം ആവശ്യത്തിനുവേണ്ടി കർഷകർക്ക് നേരിട്ടും ഈ യന്ത്രോപകരണങ്ങൾ വാടകക്ക് നൽകാവുന്നതാണ്. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിന്റെ വരവ്-ചെലവ് കണക്കുകൾ ഗ്രാമപഞ്ചായത്ത്തല/നഗരസഭാതല സമിതി സൂക്ഷിക്കേണ്ടതാണ്.

3. ക്രമനമ്പർ 8 ൽ പറഞ്ഞതും സമിതികൾ മുഖേനയോ നേരിട്ടോ കർഷകർക്ക് ലഭ്യമാക്കുന്നതുമായ എല്ലാ യന്ത്രോപകരണങ്ങളുടെയും വാടക നിരക്ക് ഗ്രാമപഞ്ചായത്ത്തല/നഗരസഭാതല സമിതി തീരുമാനിക്കണം. ഇത് മാർക്കറ്റ് നിരക്കിനേക്കാൾ കുറഞ്ഞത് 25% മെങ്കിലും കുറവായിരിക്കണം. ഈ സമിതി നിശ്ചയിച്ച വാടകനിരക്കിൽ യന്ത്രോപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ ഏറ്റെടുക്കുന്ന സമിതികൾ ബാദ്ധ്യസ്ഥമായിരിക്കുന്നതാണ്.
4. തദ്ദേശഭരണ സ്ഥാപനം മുഴുവൻ തുകയും മുടക്കി വാങ്ങിക്കുന്ന യന്ത്രോപകരണങ്ങളുടെ കസ്റ്റോഡിയൻ കൃഷി ഓഫീസർ ആയിരിക്കുന്നതും അവ കൃഷിഭവനിൽ സൂക്ഷിക്കേണ്ടതുമാണ്.
5. യന്ത്രോപകരണങ്ങൾ വാടകയ്ക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുകയിൽ നിന്ന് അവയുടെ സംരക്ഷണം, അറ്റകുറ്റപ്പണി എന്നിവയ്ക്കായി വേണ്ട ഫണ്ട് സ്വരൂപിക്കണം. ഇങ്ങനെ സ്വരൂപിക്കുന്ന ഫണ്ട് മതിയാകാതെ വരുമ്പോൾ മാത്രമേ മെയ്ന്റനൻസ് ഗ്രാന്റ് ഉപയോഗിക്കുവാൻ പാടുള്ളൂ.
6. ഉല്പാദനോപാധികളും യന്ത്രോപകരണങ്ങളും നൽകുന്നതിനുമുമ്പായി സബ്സിഡി കഴിച്ചുള്ള തുക ഗുണഭോക്താക്കൾ പണമായി കൃഷിഭവനിൽ അടച്ചിരിക്കണം.
7. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ എന്നതോടൊപ്പം സംഘകൃഷി ഗ്രൂപ്പുകൾ എന്നുകൂടി ചേർക്കണം.

3.2. മൃഗസംരക്ഷണം/കൃഷിവികസനം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | പശു, എരുമ, ആട് | പൊതുവിഭാഗം (വ്യക്തിഗതം) | 50% | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം. ബി.പി.എൽ. വിഭാഗക്കാർക്ക് മുൻഗണന നൽകണം.<br>• പശു/എരുമ/ആട് വളർത്തൽ സൗകര്യവും സന്നദ്ധതയുമുള്ള കുടുംബമായിരിക്കണം<br>• പൊതുവിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിക്ക് വിലയുടെ 50% എന്ന പരിധിക്ക് വിധേയമായി കറവയുള്ള പശുക്കളെ/എരുമകളെ വാങ്ങുന്നതിന് ഒന്നിന് പരമാവധി 15,000 രൂപയും, ആടുകളെ വാങ്ങുന്നതിന് 10 കിലോയിൽ തൂക്കമുള്ള പെണ്ണാട് ഒന്നിന് പരമാവധി 3000 രൂപയും സബ്സിഡി നൽകാവുന്നതാണ്<br>• പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഒരു വ്യക്തിക്ക് കറവയുള്ള പശുവിനെ/എരുമയെ വാങ്ങുന്നതിന് വിലയുടെ 50% എന്ന പരിധിക്ക് വിധേയമായി പരമാവധി 20,000 രൂപയും ആടുകളെ വാങ്ങുന്നതിന് 4000 രൂപയും സബ്സിഡി നൽകാവുന്നതാണ്.<br>• സബ്സിഡി തുകയുടെ പരിധിക്ക് വിധേയമായി വ്യക്തിഗത സംരംഭകർക്ക് ഒന്നിലധികം ഉരുക്കളെ നൽകാവുന്നതാണ്<br>• ഗ്രൂപ്പ് സംരംഭങ്ങളിൽ കുറഞ്ഞത് 5 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. ഒരു യൂണിറ്റ് എന്ന നിലയിൽ ഒരിടത്തുതന്നെ ഉരുക്കളെ വളർത്തണം എന്നുള്ളത് നിർബന്ധമില്ല. എന്നാൽ ഒരു യൂണിറ്റ് എന്ന നിലയിൽ സാമ്പത്തിക പ്രവർത്തനം നടത്തുകയും പൊതുവായ വിപണന സംവിധാനം ഉണ്ടായിരിക്കുകയും വേണം.<br>• പശു/എരുമ ഇവയുടെ വിലയുടെ 50% എന്ന പരിധിക്ക് വിധേയമായി ഗ്രൂപ്പ് സംരംഭങ്ങൾക്ക് പരമാവധി 1,50,000 രൂപ സബ്സിഡി നൽകാം (ഒരു വ്യക്തിക്ക് പരമാവധി 15,000 രൂപക്കുള്ള എന്ന കണക്കിന് വിധേയമായി. പരമാവധി അഞ്ചുവീതമുള്ള ആട് വളർത്തൽ യൂണിറ്റുകൾക്ക് പൊതുവിഭാഗം 20,000 രൂപയും പട്ടികവിഭാഗം 25,000 രൂപയും എന്ന നിലയിൽ<br>• വായ്പാബന്ധിത പ്രോജക്ട് ആണെങ്കിൽ സബ്സിഡി ബാങ്കിൽ അടയ്ക്കേണ്ടതാണ്. അല്ലാത്തതെങ്കിൽ ഗുണഭോക്തൃവിഹിതം പഞ്ചായത്തിൽ അടയ്ക്കണം. ക്ഷീര വികസന വകുപ്പിന്റെ മാർഗനിർദ്ദേശം അനുസരിച്ച് പഞ്ചായത്ത്തല പർച്ചേസിംഗ് കമ്മിറ്റി ഉരുക്കളെ വാങ്ങാവുന്നതാണ്.<br>• ഉരുക്കളെ ചുരുങ്ങിയത് മൂന്നുവർഷം വളർത്തുമെന്ന കരാർ വയ്ക്കണം<br>• തൊഴുത്ത് പുനരുദ്ധാരണം, കൂട് നിർമ്മാണം, തീറ്റയുടെ ചെലവ്, കടത്തുകൂലി, ഇൻഷുറൻസ് തുക എന്നിവ പ്രോജക്ടിന്റെ ഭാഗമാക്കാൻ പാടില്ല. |
| | | പട്ടികജാതി/പട്ടികവർഗ്ഗം (വ്യക്തിഗതം) | 75% | |
| | | ഗ്രൂപ്പ് സംരംഭം (പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം) | 50% | |
| 2. | പുതിയ തൊഴുത്ത് നിർമ്മാണം | പൊതുവിഭാഗം | 50% (പരമാവധി 10000 തുക) | • ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും നാമമാത്ര ചെറുകിട കർഷകർക്കും മാത്രം. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകണം.<br>• റെഫ് കോസ്റ്റ് എസ്റ്റിമേറ്റും വാല്യുവേഷനും എടുക്കണം. |
| | | പട്ടികജാതി/പട്ടികവർഗ്ഗം | 75% (പരമാവധി 15000 തുക) | |
| 3. | കന്നുകുട്ടി പരിപാലനം (Special Livestock Breeding Programme - SLBP) | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 50% | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം. ബി.പി.എൽ. വിഭാഗക്കാർക്ക് മുൻഗണന നൽകണം.<br>• സംസ്ഥാന വിഹിതം 6250 രൂപ, തദ്ദേശഭരണ സ്ഥാപന വിഹിതം 6250 രൂപ, ഗുണഭോക്തൃവിഹിതം 12500 രൂപ<br>• പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ നിബന്ധനകൾ പാലിക്കണം<br>• സംസ്ഥാന വിഹിതം ലഭ്യമാകുന്നില്ലെങ്കിൽ ആ തുക കൂടി തദ്ദേശഭരണ സ്ഥാപനത്തിന് നൽകാം |

| | | | | |
|---|---|---|---|---|
| 4. | കോഴി, കാട, താറാവ് മുതലായ വളർത്തുപക്ഷികൾ | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | 75% | • ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്കും നാമമാത്ര ചെറുകിട കർഷകർക്കും മാത്രം. ബി.പി. എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകണം.<br>• വിലയുടെ 75% എന്ന പരിധിക്ക് വിധേയമായി ഒരു കുടുംബത്തിന് പരമാവധി 500 രൂപ സബ്സിഡി അനുവദിക്കാം. പണമായി നൽകാൻ പാടില്ല.<br>• സബ്സിഡി പരിധിക്ക് വിധേയമായി എത്ര എണ്ണം നൽകാമോ അത്രയും എണ്ണം നൽകാം.<br>• കൂട് ഗുണഭോക്താക്കൾ സ്വന്തം നിലക്ക് ഉണ്ടാക്കണം. തീറ്റയുടെ ചെലവ് ഗുണഭോക്താക്കൾ സ്വയം വഹിക്കണം. |
| 5. | കാലിത്തീറ്റ | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | ഒരു കർഷകന് ഒരു വർഷത്തിൽ നൽകാവുന്ന പരമാവധി സബ്സിഡി 10,000 രൂപ | • ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യണം<br>• ക്ഷീരസംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 2 രൂപ തോതിൽ കണക്കാക്കി അത്രയും തുകയ്ക്കുള്ള കാലിത്തീറ്റ ഓരോ മാസവും നൽകാവുന്നതാണ്<br>• ക്ഷീരസംഘങ്ങളിൽ പാൽ നൽകുന്ന കർഷകരുടെ ഗർഭിണി പശുവിന്/എരുമക്ക് പ്രസവത്തിന് തൊട്ടുമുമ്പുള്ള മൂന്ന് മാസങ്ങളിൽ പ്രതിമാസം 450 രൂപക്കുള്ള കാലിത്തീറ്റ നൽകാവുന്നതാണ്<br>• കേരള ഫീഡ്സ് അല്ലെങ്കിൽ മിൽമ കാലിത്തീറ്റയായിരിക്കണം കർഷകർക്ക് വിതരണം ചെയ്യേണ്ടത്. അവ ലഭ്യമല്ലെങ്കിൽ അക്കാര്യം ഉറപ്പുവരുത്തിയശേഷം മാത്രം മറ്റ് അംഗീകൃത കാലിത്തീറ്റ വാങ്ങാം. |
| 6. | ധാതുലവണങ്ങൾ, വിരമരുന്ന് | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | 50% ഉരു ഒന്നിന് പ്രതിവർഷം പരമാവധി 750 രൂപ | • ചെറുകിട-നാമമാത്ര കർഷകർക്കും തദ്ദേശഭരണ സ്ഥാപനത്തിന്റെ സാമ്പത്തിക സഹായത്തോടെ കാലികളെ വളർത്തുന്ന വ്യക്തിഗത-ഗ്രൂപ്പ് സംരംഭകർക്കും മാത്രം. |
| 7. | തീറ്റപ്പുൽകൃഷിയ്ക്കുള്ള വിത്ത് | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | 100% | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം<br>• വിത്തിന്റെ വില ജില്ലാതലത്തിൽ ക്ഷീരവികസന വകുപ്പ് നിശ്ചയിക്കണം<br>• സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടതുണ്ട്. |
| 8. | തീറ്റപ്പുൽകൃഷിയ്ക്കുള്ള കൂലിച്ചെലവ് സബ്സിഡി | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | ഒരു ഹെക്ടറിന് പരമാവധി 4500 രൂപ | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം<br>• ഒരു ഹെക്ടറിൽ കുറഞ്ഞ സ്ഥലത്തുള്ള കൃഷിക്ക് ആനുപാതികമായി തുക നൽകാം<br>• സംയോജിത കൃഷി രീതിയിൽ ഏർപ്പെടുന്ന കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ ഈ വിഭാഗത്തിൽ പരിഗണിക്കേണ്ടതുണ്ട്. |
| 9. | മുയൽ വളർത്തൽ | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | മുയലിന് 50% (പരമാവധി സബ്സിഡി 1000 രൂപ) കൂടിന് 25% (പരമാവധി നൽകാവുന്ന സബ്സിഡി തുക 2000 രൂപ) | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം<br>• തൊഴിലായി നടത്തുന്നവർക്ക് മാത്രം സബ്സിഡി നൽകാം |

**കുറിപ്പ്**

1. ക്രമ നമ്പർ 1 ലും 2 ലും പറഞ്ഞ ഇനങ്ങൾക്ക് പതിനൊന്നാം പദ്ധതിക്കാലത്ത് ആനുകൂല്യം ലഭിച്ചിട്ടുണ്ടെങ്കിൽ അങ്ങനെയുള്ളവർ വീണ്ടും അർഹരല്ല.
2. പശു, എരുമ, ആട്, കോഴി, കാട, താറാവ്, മുയൽ മുതലായവയുടെ സ്പെസിഫിക്കേഷനും വിലയും ജില്ലാതലത്തിൽ മൃഗസംരക്ഷണ വകുപ്പ് നിശ്ചയിക്കണം. വില കണക്കാക്കുമ്പോൾ ഇൻഷൂറൻസ് എന്നിവ ഉൾപ്പെടുത്താൻ പാടില്ല. അവ ഗുണഭോക്താക്കൾ വഹിക്കണം.
3. തൊഴുത്തിന്റെയും, മുയൽ വളർത്തുന്നതിനുള്ള കൂടിന്റെയും വാല്യുവേഷൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓവർസിയർ/ എഞ്ചിനീയർ എടുക്കണം.
4. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും, വെറ്ററിനറി ഡോക്ടർ കൺവീനറും ഗുണഭോക്താക്കളിൽ നിന്ന് ഏഴ് പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയായിരിക്കണം മൃഗങ്ങളെ-പക്ഷികളെ വാങ്ങേണ്ടത്. പഞ്ചായത്ത് പ്രൊക്യർമെന്റ് കമ്മറ്റി അംഗീകാരത്തോടെ ഗുണഭോക്തൃ സമിതിക്ക് നേരിട്ട് വാങ്ങാം. ഗുണ നിലവാരം നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം..

3.3. മണ്ണ്-ജലസംരക്ഷണം

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | മണ്ണ് ജല സംരക്ഷണ പ്രവർത്തികൾ | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | ഒരു ഹെക്ടറിന് പരമാവധി 10000 രൂപ (നഗരപ്രദേശങ്ങളിൽ മാത്രം) | • ചെറുകിട-നാമമാത്ര കർഷകരുടെ സ്ഥലത്ത് മാത്രം<br>• ഗ്രാമ പ്രദേശങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി ഈ പ്രവൃത്തികൾ നടത്തുന്നതിന് മുൻഗണന നൽകണം.<br>• നടത്തുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും മെഷർമെന്റ് എടുക്കുകയും വേണം<br>• എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഓരോ പ്രവൃത്തിയുടെയും അല്ലെങ്കിൽ ഇനങ്ങളുടെയും നിരക്കുകൾ അതാത് സംഗതിപോലെ കൃഷിവകുപ്പിൽ/മണ്ണ് സംരക്ഷണ വകുപ്പിൽ/വനം വകുപ്പിൽ/ പൊതുമരാമത്ത് വകുപ്പിൽ ബാധകമായിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്<br>• പശ്ചിമഘട്ട വികസന പദ്ധതിയുടെ/ഐ.ഡബ്ലിയു.എം.പി.യുടെ മാർഗ്ഗരേഖ പ്രകാരം ഏറ്റെടുക്കാവുന്ന പ്രവൃത്തികളേ ചെയ്യാവൂ |
| 2. | മണ്ണ് ജല സംരക്ഷണം-തൈകൾ | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | തൈകളുടെ വിലയുടെ 100% | • ചെറുകിട-നാമമാത്ര കർഷകർക്ക് മാത്രം<br>• ഫലവൃക്ഷ തൈകളും മണ്ണൊലിപ്പ് തടയുന്നതിനുള്ള രാമച്ചം, കൈത/തഴ, മുള പോലുള്ളവയുടെ തൈകളും മാത്രമേ നൽകാവൂ<br>• തൈകളുടെ വില കൃഷിവകുപ്പ്/വനംവകുപ്പ് നിശ്ചയിച്ച പ്രകാരമായിരിക്കണം<br>• കുടുംബശ്രീ സംഘകൃഷി ഗ്രൂപ്പുകളെ മണ്ണ് ജല സംരക്ഷണ പ്രവൃത്തികളുടെ ഗുണഭോക്താക്കളായി ഉൾപ്പെടുത്തേണ്ടതാണ്. |

3.4. മത്സ്യബന്ധനം

(എ) സമുദ്രമേഖല

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | ചിപ്പി ശേഖരിക്കുന്നതിനുള്ള ഡിങ്കി | വിലയുടെ 50 ശതമാനമോ 15,000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30,000 രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | ബി.പി.എൽ. കുടുംബത്തിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളി |
| 2. | ഗിൽനെറ്റും ഡിങ്കിയും | വിലയുടെ 50 ശതമാനമോ 15,000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30,000 രൂപ (യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം) | ബി.പി.എൽ. കുടുംബത്തിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളി |

| | | | | |
|---|---|---|---|---|
| 3. | കട്ടമരം | വിലയുടെ 50 ശതമാനമോ 15000 രൂപയോ ഏതാണോ കുറവ് അത് | യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 30000 രൂപ<br>യൂണിറ്റ് കോസ്റ്റ് ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം | ബി.പി.എൽ കുടുംബത്തിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളി |
| 4. | മത്സ്യബന്ധനത്തിന് കടൽസുരക്ഷാ ഉപകരണം (ഒരു വള്ളത്തിന്) | വിലയുടെ 50% (പരമാവധി 17500 രൂപ) | 1 യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ ഫിഷറീസ് വകുപ്പ് നിശ്ചയിക്കണം<br>2. മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | 1. ബി.പി.എൽ കുടുംബത്തിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളി<br>2. വള്ളം സ്വന്തമായി ഉണ്ടായിരിക്കണം |
| 5. | മത്സ്യബന്ധനത്തിനുള്ള വല | വിലയുടെ 50% (പരമാവധി 4000 രൂപ) | 1. മൂന്ന് വർഷത്തിനുള്ളിൽ ഒരിക്കൽ മാത്രം<br>2. മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം | 1. ബി.പി.എൽ കുടുംബത്തിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികളും ഗ്രൂപ്പുകളും<br>2. വള്ളം സ്വന്തമായി ഉണ്ടായിരിക്കണം |
| 6. | ഔട്ട്ബോർഡ് എൻജിൻ, വല എന്നിവ ഉൾപ്പെടെ ഡിങ്കി | യൂണിറ്റ് കോസ്റ്റിന്റെ 25% (പരമാവധി 2,00,000 രൂപ) | 1. വായ്പാബന്ധിത പ്രോജക്ടായിരിക്കണം<br>2. സബ്സിഡി തുക ബാക്ക് എൻഡ് ആയി ബാങ്കിനു നൽകണം<br>3. ഔട്ട്ബോർഡ്എൻജിൻ, വല എന്നിവ മത്സ്യഫെഡിന്റെ വ്യാസ സ്റ്റോറിൽ നിന്ന് വാങ്ങണം<br>4. യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കും | 1) ഗ്രൂപ്പുകൾക്ക് മാത്രം<br>2) 5-7 അംഗങ്ങൾ ഉള്ള ഗ്രൂപ്പ് ആയിരിക്കണം<br>3) ബി.പി.എൽ കുടുംബത്തിലെ കർമ്മോന്മുഖ മത്സ്യത്തൊഴിലാളികൾ അടങ്ങുന്ന ഗ്രൂപ്പ് ആയിരിക്കണം |

**(ബി) ഉൾനാടൻ മേഖല**

| | | | | |
|---|---|---|---|---|
| 1. | അലങ്കാരമത്സ്യം വളർത്തലും വിപണനവും അക്വേറിയം രൂപകല്പനയും | വ്യക്തികൾക്ക് - ചെലവിന്റെ 50% പരമാവധി 10,000 രൂപ ഗ്രൂപ്പുകൾക്ക് : അഞ്ച് അംഗങ്ങളിൽ കുറയാതെയുള്ള ഗ്രൂപ്പിന് ചെലവിന്റെ 50% പരമാവധി 50,000 രൂപ | യൂണിറ്റ് കോസ്റ്റ്, സ്പെസിഫിക്കേഷൻ എന്നിവ ജില്ലാതലത്തിൽ മത്സ്യവകുപ്പ് നിശ്ചയിക്കണം | കർമ്മോന്മുഖ മത്സ്യത്തൊഴിലാളി/നാമമാത്ര മത്സ്യത്തൊഴിലാളിയിൽ നിന്നുള്ളവർ ആയിരിക്കണം ഗ്രൂപ്പുകൾ |
| 2. | മത്സ്യം വളർത്തുന്നതിനുള്ള ഉത്പാദനോപാദികൾ | 50 ശതമാനം പരമാവധി 10,000 രൂപ | യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 30,000 രൂപ | കർമ്മോന്മുഖ മത്സ്യത്തൊഴിലാളി/നാമമാത്ര മത്സ്യത്തൊഴിലാളിയിൽ നിന്നുള്ളവർ ആയിരിക്കണം ഗ്രൂപ്പുകൾ |
| 3. | ചിപ്പി കൃഷി | 50 ശതമാനം പരമാവധി 10,000 രൂപ | 1) 25 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ്10,000 രൂപ<br>2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | കർമ്മോന്മുഖ മത്സ്യത്തൊഴിലാളി/നാമമാത്ര മത്സ്യത്തൊഴിലാളിയിൽ നിന്നുള്ളവർ ആയിരിക്കണം ഗ്രൂപ്പുകൾ |
| 4. | കടൽ മുരിങ്ങ കൃഷി | 50 ശതമാനം പരമാവധി 10,000 രൂപ | 1) 25 ചതുരശ്ര മീറ്ററിന്റെ യൂണിറ്റ് കോസ്റ്റ് 10,000 രൂപ<br>2) വിത്തുകൾ നിക്ഷേപിച്ചിട്ടുള്ള ഒരു വടത്തിന്റെ നീളം 100 മീറ്റർ | കർമ്മോന്മുഖ മത്സ്യത്തൊഴിലാളി/നാമമാത്ര മത്സ്യത്തൊഴിലാളിയിൽ നിന്നുള്ളവർ ആയിരിക്കണം ഗ്രൂപ്പുകൾ |
| 5. | ഞണ്ട് കൃഷി | 50 ശതമാനം പരമാവധി 10,000 രൂപ | 1) പരമാവധി യൂണിറ്റ് കോസ്റ്റ് ഒരു ഹെക്ടറിന് 60,000 രൂപ | വ്യക്തികൾക്ക് മാത്രം |
| 6. | സംയോജിത മത്സ്യകൃഷി | യൂണിറ്റ് കോസ്റ്റിന്റെ 20% പരമാവധി 15,000 രൂപ | 1) യൂണിറ്റ് കോസ്റ്റിന്റെ പരിധി - 80,000 രൂപ | ഗ്രൂപ്പുകൾക്ക് മാത്രം |

**3.5. കുടിവെള്ളം**

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | പുതിയ തുറന്ന കിണർ | പൊതുവിഭാഗം | 75% തീരദേശം 10,000 രൂപ ഇടനാട് 15000 രൂപ മലനാട് 20,000 രൂപ) | • വരുമാനപരിധി 25,000 രൂപക്കു വിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• യൂണിറ്റ്കോസ്റ്റ് എൽ.എസ്.ജി.ഡി.എഞ്ചിനീയറിംഗ് വിഭാഗം ജില്ലാതലത്തിൽ നിശ്ചയിക്കണം<br>• മുൻവർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവർക്ക് മാത്രമേ അർഹതയുണ്ടായിരിക്കുകയുള്ളൂ<br>• റഫ് കോസ്റ്റ് എസ്റ്റിമേറ്റ് വേണം, വാലുവേഷനും എടുക്കണം മഴവെള്ളം റീചാർജ്ജ് ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ എം.ജി. എൻ. ആർ.ഇ.ജി.എസിൽ ചെയ്യേണ്ടതാണ്. |
| | | പട്ടികജാതി/പട്ടികവർഗ്ഗം | 90% (പരമാവധി 17,500 രൂപ) | |
| 2. | കുടിവെള്ളം ഗാർഹിക കണക്ഷൻ നൽകൽ | പൊതുവിഭാഗം | 3000 രൂപ | • കുടിവെള്ള ഗാർഹിക കണക്ഷൻ വാർഷിക വരുമാനം 25,000 രൂപയിൽ താഴെയുള്ളവർക്ക് മാത്രം<br>• കേരള വാട്ടർ അതോറിറ്റിയുടെ/ വാട്ടർ അതോറിറ്റിയിൽ നിന്ന് കൈമാറിക്കിട്ടിയ കുടിവെള്ള പദ്ധതിയിലെ പൈപ്പ് ലൈനിൽ നിന്നായിരിക്കണം കണക്ഷൻ നൽകേണ്ടത്.<br>• കണക്ഷൻ എടുത്ത സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് ഓരോരുത്തർക്കും സബ്സിഡി തുക നൽകാവുന്നതാണ്. |
| | | പട്ടികജാതി/പട്ടികവർഗ്ഗം | 5000 രൂപ | |
| 3 | തുറസ്സായ കുടിവെള്ള കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റൽ | പൊതുവിഭാഗം/പട്ടിക ജാതി/പട്ടികവർഗ്ഗം | 5000 രൂപ | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം. മുൻ വർഷങ്ങളിൽ ഈ ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം.<br>• കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെ മാർഗ്ഗരേഖ പ്രകാരം കിണറുകളുടെ ഉൾവശം സിമന്റ് പൂശുക, ചുറ്റുമതിൽ കെട്ടുക, പ്ലാറ്റ് ഫോം നിർമ്മിക്കുക, മലിനജലം ഒഴുകിപോകുന്നതിന് ചാൽ നിർമ്മിക്കുക, മുകൾ ഭാഗത്ത് സംരക്ഷണവലകെട്ടുക മുതലായ പ്രവൃത്തികൾ ചെയ്ത് തുറസ്സായ കിണറിനെ സാനിട്ടറി കിണറാക്കി മാറ്റുന്നതിന് ഈ സബ്സിഡി നൽകാവുന്നതാണ്.<br>• വാലുവേഷൻ ഓവർസീയർ/എഞ്ചിനീയർ എടുക്കണം. |

### 3.6. വീട്/വീട് പുനരുദ്ധാരണം/വീട് വയറിംഗ്/സാനിട്ടറി യൂണിറ്റ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | വീട് | പൊതുവിഭാഗം | 200000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• കുടുംബത്തിന് വാസയോഗ്യമായ വീട് ഇല്ല എന്ന് നിശ്ചിത ഫോറത്തിൽ വിവരശേഖരണം നടത്തി നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിരിക്കണം<br>• വീട് നിർമ്മാണത്തിന് മുമ്പ് ധനസഹായം ലഭിച്ചവരാണെങ്കിൽ അത് 12 വർഷത്തിന് മുമ്പായിരിക്കണം<br>• ഭാര്യ/ ഭർത്താവിന്റേ പേരിലായിരിക്കണം വീട് അനുവദിക്കേണ്ടത്. അപേക്ഷക ഭാര്യയായിരിക്കണം വിധവയുടെയും അവിവാഹിതയായ അമ്മയുടെയും വിഭാര്യനായ കുടുംബനാഥന്റെയും കാര്യത്തിൽ ഇത് ബാധകമല്ല<br>• 30 ച.മീറ്ററിൽ കുറയാത്തതും 60 ച. മീറ്ററിൽ കൂടാത്തതുമായ തറവിസ്തീർണ്ണത്തിൽ നിർമ്മിക്കുന്ന വീടുകൾക്കേ സബ്സിഡിക്ക് അർഹതയുള്ളൂ<br>• നിർമ്മിക്കുന്ന വിടിന് ആസ്ബസ്റ്റോസ് ഷീറ്റ് അനുവദനീയമല്ല<br>• തിരഞ്ഞെടുക്കപ്പെട്ട കുടുംബം, ഇപ്പോൾ താമസിക്കുന്ന പാർപ്പിടത്തിന്റെ മുന്നിൽനിൽക്കുന്ന ഫോട്ടോ ഉണ്ടായിരിക്കണം<br>• മൂന്നുവർഷമെങ്കിലും ഒരു ഗ്രാമപഞ്ചായത്തിൽ/നഗരസഭയിൽ സ്ഥിരമായി താമസിക്കുന്ന കുടുംബമായിരിക്കണം. റേഷൻ കാർഡോ സെക്രട്ടറി നൽകുന്ന സർട്ടിഫിക്കറ്റോ രേഖയായി സ്വീകരിക്കാം.<br>• പുകയില്ലാത്ത അടുപ്പ്, വീട് വയറിംഗ്, മേൽക്കൂര എന്നിവ വീട് നിർമ്മാണത്തിന്റെ ഭാഗമായി ചെയ്യേണ്ടതാണ്*. |
| | | പട്ടികജാതി/<br>പട്ടികവർഗ്ഗം | 200000<br>250000 | |

**കുറിപ്പ്**

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ, ഭവന നിർമ്മാണത്തിനായി, ഗ്രാമസഭകൾ മുഖേന ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക, ഗ്രാമപഞ്ചായത്ത്/നഗരസഭ കോർപ്പറേഷനുകൾ ഭരണ സമിതികൾ അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കുന്ന മുൻഗണനാ പട്ടികയ്ക്ക് പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ പ്രാബല്യമുണ്ടായിരിക്കും.
2. ഐ.എ.വൈ. പദ്ധതി പ്രകാരം അനുവദിക്കുന്ന വീടുകൾക്കും മുകളിൽ പറഞ്ഞ പ്രകാരമുള്ള സബ്സിഡി തുക അനുവദിക്കാവുന്നതാണ്. ഐ.എ.വൈ. വിഹിതത്തിന് ഉപരിയായുള്ള അധിക തുക ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകൾ 25:50:25 എന്ന അനുപാതത്തിൽ വഹിക്കേണ്ടതാണ്. നിർവ്വഹണ ചുമതല ബ്ലോക്ക് പഞ്ചായത്തിനായിരിക്കും.
3. ലക്ഷം വീട് പുനർനിർമ്മാണത്തിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഫണ്ട് വിനിയോഗിക്കാൻ പാടില്ല. ആ ചുമതല കേരള സംസ്ഥാന ഭവന നിർമ്മാണബോർഡ് നിറവേറ്റുന്നതാണ്.
4. ഐ.എ.വൈ. പദ്ധതി, പട്ടികജാതി -പട്ടികവർഗ്ഗ-മത്സ്യവകുപ്പുകളുടെ ഭവന നിർമ്മാണ പദ്ധതി മറ്റ് കേന്ദ്ര-സംസ്ഥാനാവിഷ്കൃത ഭവന പദ്ധതികൾ എന്നിവയ്ക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് നൽകിയശേഷം അർഹരായ ഗുണഭോക്താക്കൾ അവശേഷിക്കുന്നുണ്ടെങ്കിൽ മാത്രമേ ഗ്രാമപഞ്ചായത്ത്/നഗരസഭ പുതിയ വീടുകൾക്കായി പ്രോജക്ട് തയ്യാറാക്കേണ്ടതുള്ളൂ (ഫ്ളാറ്റ് നിർമ്മാണം ഉൾപ്പെടെ)
5. ഐ.എ.വൈ. ഒഴികെയുള്ള ഭവന നിർമ്മാണ പ്രോജക്ടുകളുടെ നിർവ്വഹണം നടത്തേണ്ടത് ഗ്രാമപഞ്ചായത്തുകൾ/നഗരഭരണ സ്ഥാപനങ്ങൾ ആണ്. എന്നാൽ പട്ടികവർഗ്ഗക്കാർക്ക് വേണ്ടി ഗ്രാമപഞ്ചായത്തുകൾ തയ്യാറാക്കുന്ന ഭവന നിർമ്മാണ പ്രോജക്ടിന് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകാവുന്നതാണ്.
6. നിർമ്മിക്കുന്ന വീട് 12 വർഷത്തേക്ക് അന്യാധീനപ്പെടുത്തുകയോ കൈമാറ്റം ചെയ്യുകയോ ഇല്ല എന്നുള്ളതിന്, തിരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾ, ഗ്രാമപഞ്ചായത്ത്/ ബ്ലോക്ക് പഞ്ചായത്ത്/നഗരസഭാ സെക്രട്ടറിയുടെ പേരിൽ കരാർ എഴുതി രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യണം
7. റവന്യൂ വകുപ്പിൽ നിന്ന് ലഭിച്ച കൈവശരേഖ മാത്രമുള്ളവരാണെങ്കിൽ, തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുമായിമേൽപ്പറഞ്ഞ പ്രകാരമുള്ള കരാറിൽ ഏർപ്പെട്ടാൽ മതി.
8. ധനസഹായ തുക 5 ഗഡുക്കളായാണ് നൽകേണ്ടത്. കരാറിലേർപ്പെട്ടുകഴിഞ്ഞാൽ 10% (തുടർന്ന് സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ) തറപ്പണി കഴിഞ്ഞാൽ 30%, ചുമർപ്പണി കഴിഞ്ഞാൽ 30%, മേൽക്കൂര നിർമ്മിച്ചാൽ 20%, മുഴുവൻ പണികളും പൂർത്തീകരിച്ചാൽ 10%.
9. ഭാര്യയുടേയും ഭർത്താവിന്റേയും പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് മാത്രമേ തുക നൽകാവൂ. വിധവ, വിഭാര്യൻ, അവിവാഹിത അമ്മമാർ ഇവർക്ക് വ്യക്തിഗത അക്കൗണ്ടിലാണ് തുക നൽകേണ്ടത്.
10. ചില തദ്ദേശഭരണ സ്ഥാപനങ്ങളിലെങ്കിലും ബി.പി.എൽ ലിസ്റ്റിൽ യഥാർത്ഥത്തിൽ ബി.പി.എൽ. അല്ലാത്ത ആളുകളുടെ പേരും കടന്നു കൂടിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ബി.പി.എൽ ലിസ്റ്റിൽ തെറ്റായി വന്നവരെ ഒഴിവാക്കുന്നതിനും ബി.പി.എൽ ലിസ്റ്റിൽ വന്ന പിശകുമൂലം അതിൽപ്പെടാതെ പോയവർക്കുകൂടി ആനുകൂല്യം ലഭിക്കുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള ഒരു മാനദണ്ഡം വച്ചിരിക്കുന്നത്.

| | | | | |
|---|---|---|---|---|
| **2.** | ഭവനസമുച്ചയം (ഫ്ളാറ്റുകൾ) | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | സമുച്ചയത്തിന് ഒരു വീടിന് 3,25,000 രൂപ | • ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച ക്രമ നമ്പർ 1 ൽ പറഞ്ഞ എല്ലാ മാനദണ്ഡങ്ങളും ഫ്ളാറ്റുകളുടെ കാര്യത്തിലും ബാധകമാണ്<br>• ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തായിരിക്കണം ഫ്ളാറ്റ് നിർമ്മിക്കേണ്ടത്<br>• ഫ്ളാറ്റ് നിർമ്മിക്കേണ്ടത് ഗ്രാമപഞ്ചായത്ത്/നഗരസഭ ആയിരിക്കണം<br>• ഒരു വീടിന് 3,25,000 രൂപയിൽ അധികരിക്കാത്ത വിധത്തിൽ സമുച്ചയത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കണം<br>• ഫ്ളാറ്റിന്റെ ഉടമസ്ഥത തദ്ദേശസ്വയംഭരണ സ്ഥാപനത്തിലേക്ക് ആയിരിക്കും.<br>• താമസിക്കുന്നതിനുള്ള കൈവശരേഖ ഗുണഭോക്താക്കൾക്ക് നൽകണം |
| **3.** | 1) വിടീന്സ്ഥലം (ഗുണഭോക്താക്കൾ സ്ഥലം കണ്ടെത്തി സ്വയം വാങ്ങൽ) -ഗ്രാമപ്രദേശം | പൊതുവിഭാഗം | 100000 | ഭൂരഹിത-ഭവനരഹിതരുടെ വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ. കുടുംബത്തിന് മാത്രം (ഒരിക്കൽ ഈ ധനസഹായം ലഭിച്ചിട്ടുള്ളവർ വീണ്ടും അർഹരല്ല)<br>വീട് ലഭിക്കുന്നതിന് ക്രമനമ്പർ 1-ൽ പറഞ്ഞിട്ടുള്ള അർഹതയുള്ളവർക്ക് മാത്രമേ സ്ഥലത്തിന് അർഹതയുണ്ടായിരിക്കുകയുള്ളു.<br>വീട് നിർമ്മിക്കുന്നതിന് (ചുവടെ പറഞ്ഞ പ്രകാരമുള്ള) മിനിമം സ്ഥലം പരമ്പരാഗത കുടുംബസ്വത്തിൽ നിന്നോ അച്ഛൻ-അമ്മ എന്നിവരിൽ നിന്നോ അനന്തരാവകാശമായി ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം. സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങുന്ന സ്ഥലം ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യാഭർത്താക്കന്മാരുടെ അച്ഛനമ്മമാരിൽ നിന്നോ സഹോദരീ-സഹോദരന്മാരിൽ നിന്നോ വാങ്ങുന്ന സ്ഥലത്തിന് ധനസഹായം ലഭിക്കുകയില്ല<br>ഗ്രാമപ്രദേശങ്ങളിൽ കുറഞ്ഞത് 3 സെന്റ് സ്ഥലവും മുനിസിപ്പാലിറ്റികളിൽ കുറഞ്ഞത് 2 സെന്റ് സ്ഥലവും കോർപ്പറേഷനുകളിൽ കുറഞ്ഞത് 1.5 സെന്റ് സ്ഥലവും വാങ്ങിക്കണം<br>അനുവദനീയമായ സബ്സിഡി തുകയോ ആധാരത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വിലയോ ഏതാണ് കുറവ് എങ്കിൽ ആ തുകയേ സബ്സിഡിയായി ലഭിക്കുകയുള്ളൂ<br>സ്ഥലത്തിന്റെ സബ്സിഡി തുക സ്ഥലം വിറ്റ ആളിന്റെ പേരിൽ അക്കൗണ്ട് പേയ് ചെക്ക് ആയി നൽകണം.<br>സബ്സിഡി തുകയുടെ പരിധിയിൽ കവിയാതെ നിശ്ചയിക്കപ്പെട്ട മിനിമം വിസ്തൃതിയിൽ കൂടുതൽ സ്ഥലം വാങ്ങിച്ചാൽ മിനിമം സ്ഥലത്തിനുള്ള വില നിജപ്പെടുത്തി സബ്സിഡി തുക പരിമിതപ്പെടുത്തേണ്ടതാണ്. ധനസഹായം ലഭിച്ചിട്ടില്ലെന്ന് പഞ്ചായത്തിന്റെ/നഗരസഭയുടെ രേഖകളോ അഫിഡവിറ്റോ തെളിവായി സ്വീകരിക്കാം. |
| | | പട്ടികജാതി | 150000 | |
| | | പട്ടികവർഗ്ഗം | 150000 | |
| | 2) വീടിന് സ്ഥലം-മുനിസിപ്പാലിറ്റി | പൊതുവിഭാഗം | 1.25 ലക്ഷം | |
| | | പട്ടികജാതി | 2 ലക്ഷം | |
| | | പട്ടികവർഗ്ഗം | 2 ലക്ഷം | |
| | 3 വീടിന് സ്ഥലം-കോർപ്പറേഷൻ | പൊതുവിഭാഗം | 2 ലക്ഷം | |
| | | പട്ടികജാതി | 3 ലക്ഷം | |
| | | പട്ടികവർഗ്ഗം | 3 ലക്ഷം | |
| **4.** | മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കാൻ | പൊതുവിഭാഗം | 20000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം..<br>• ചുമർ ബലമുള്ളതും എന്നാൽ മേൽക്കൂര ഓല/പുല്ല്/തകരഷീറ്റ് ഉപയോഗിച്ച് മേഞ്ഞതും ആയ വീടുകളായിരിക്കണം. അല്ലെങ്കിൽ പൂർണ്ണമായി ജീർണ്ണിച്ച ഓടിട്ടമേൽക്കൂരയായിരിക്കണം<br>• പുതിയ മേൽക്കൂരയ്ക്ക് ആസ്ബറ്റോസ് ഷീറ്റ് അനുവദനീയമല്ല<br>• റഫ് എസ്റ്റിമേറ്റ് തയ്യാറാക്കണം, വാലുവേഷൻ എടുക്കണം<br>• ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം |
| | | പട്ടികജാതി | 25000 | |
| | | പട്ടികവർഗ്ഗം | 25000 | |
| **5.** | വീട് പുനരുദ്ധാരണം (ലക്ഷം വീട് ഉൾപ്പെടെ) | പൊതുവിഭാഗം | 25000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• വീട് വാസയോഗ്യമാണെങ്കിലും പുനരുദ്ധാരണ-അറ്റകുറ്റപ്പണികൾ അനിവാര്യമായിരിക്കണം<br>• ഗുണഭോക്താക്കളെ തിരഞ്ഞെടുത്തുകഴിഞ്ഞാൽ ഓരോ വീടിന്റേയും അറ്റകുറ്റപ്പണിക്ക് റഫ് എസ്റ്റിമേറ്റ് ഉടമസ്ഥൻ തയ്യാറാക്കണം.<br>• വാലുവേഷൻ എടുത്ത ശേഷമായിരിക്കണം സബ്സിഡി നൽകേണ്ടത്.<br>• ഭാര്യയുടേയും ഭർത്താവിന്റേയും പേരിൽ ബാങ്ക് അക്കൗണ്ടിലേക്ക് തുക നൽകണം<br>• പുതിയ വീട് നിർമ്മിച്ച് കുറഞ്ഞത് 8 വർഷമെങ്കിലും കഴിഞ്ഞവർക്ക് മാത്രമേ ഈ ധനസഹായത്തിന് അർഹതയുള്ളൂ |
| | | പട്ടികജാതി | 25000 | |
| | | പട്ടികവർഗ്ഗം | 25000 | |

| | | | | |
|---|---|---|---|---|
| **6.** | വീട് വയറിംഗ് | പൊതുവിഭാഗം/പട്ടികജാതി/പട്ടികവർഗ്ഗം | 4000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം..<br>• മെയിൻ സ്വിച്ച്, എർത്തിംഗ് എന്നിവക്കുപുറമെ കുറഞ്ഞത് 3 പോയിന്റ് വയറിംഗ് നടത്തണം (വി.ഇ.ഒ./ഓവർസിയർ സാക്ഷ്യപ്പെടുത്തണം)<br>• കെ.എസ്.ഇ.ബി.യിൽ സി.ഡി. അടച്ച രശീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ സബ്സിഡി തുക നൽകാവു |
| **7.** | സാനിട്ടറി യൂണിറ്റ് | പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം | 8000<br>8000<br>8000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• ഇരട്ടക്കുഴി കക്കൂസ്, മലിനജലം ഒഴുകിപോകുന്നതിനുള്ള സോക്ക്പിറ്റ്, ജൈവമാലിന്യ സംസ്കരണത്തിനുള്ള കമ്പോസ്റ്റ് പിറ്റ് എന്നിവ അടങ്ങുന്നതായിരിക്കണം ഒരു സാനിട്ടറി യൂണിറ്റ്<br>• സമ്പൂർണ്ണ ശുചിത്വ പരിപാടിയുടെ ധനസഹായം വകയിരുത്തിയശേഷം ഈ നിരക്കിൽ അധികം നൽകേണ്ട തുകയായിരിക്കണം തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതമായി പ്രോജക്ടിൽ വകയിരുത്തേണ്ടത്. |
| **8.** | പണി പൂർത്തീകരിക്കാത്ത വീടുകൾക്കുള്ള ധന സഹായം | പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം | 17.2.2011 ലെ സ.ഉ.(സാധ) നമ്പർ 497/2011 നിബന്ധനപ്രകാരമുള്ള സംഖ്യ | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• മുൻ ഉടമസ്ഥൻ തന്നെയായിരിക്കണം.<br>• 17.2.2011 ലെ സ.ഉ.(സാധ) നമ്പർ 497/2011 നിബന്ധനകൾ ബാധകമാണ് |

**3.7. സ്വയം തൊഴിൽ സംരംഭങ്ങൾ**

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| **1.** | a. സ്വയംതൊഴിലിന് ആസ്തികൾ (വ്യക്തിഗതം)-ഗ്രാമ പ്രദേശങ്ങളിൽ | പൊതുവിഭാഗം<br><br>പട്ടികജാതി<br>പട്ടികവർഗ്ഗം | 33 1/3 % (പരമാവധി 15,000 രൂപ) SGSY<br><br>50% (പരമാവധി 20,000 രൂപ) SGSY | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• മൂന്ന് വർഷമെങ്കിലും ഒരു ഗ്രാമ പഞ്ചായത്തിൽ/നഗരസഭയിൽ സ്ഥിരമായി താമസിക്കുന്നയാളായിരിക്കണം.<br>• 18 വയസ്സ് കഴിഞ്ഞ തൊഴിൽരഹിതരായിരിക്കണം<br>• സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനായി മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആയിരിക്കരുത്<br>• വായ്പാബന്ധിത പ്രോജക്ടായിരിക്കണം. സബ്സിഡി തുക ബാങ്കിലേക്ക് ബാക്ക്-എൻഡഡ് സബ്സിഡിയായി നൽകണം<br>• ബാങ്ക് വായ്പക്ക് പകരം പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്നുള്ള വായ്പയാണെങ്കിലും ധനസഹായം നൽകാം<br>• എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലും സ്വയം സംരംഭകമിഷനോടൊപ്പം സംസ്ഥാന ദാരിദ്ര്യനിർമ്മാർജ്ജന മിഷന്റെ സി.ഡി.എസ്. ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളവരെയും പരിഗണിക്കേണ്ടതുണ്ട്.<br>• പൂരക സഹായമായി വിവിധ സർക്കാർ സ്രോതസ്സുകളിൽ നിന്നുള്ള സബ്സിഡി അനുവദിക്കേണ്ടതുണ്ട്. മൊത്തം സബ്സിഡി ആകെ തുകയുടെ 50 ശതമാനമായി നിജപ്പെടുത്തി നിർദ്ദേശിക്കുന്നതാവും പ്രായോഗികം.<br>• ഗ്രാമ-നഗര വ്യത്യാസമില്ലാതെ ഗ്രൂപ്പ് സംരംഭങ്ങൾക്ക് കുറഞ്ഞത് 5 അംഗങ്ങളെങ്കിലും ഉണ്ടായിരിക്കണം. നബാർഡിന്റെ നോൺ ഫാം മേഖലയിലെ ജോയിന്റ് ലയിലിറ്റി ഗ്രൂപ്പ് (ജെ.എൽ.ജി) സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി പരിഗണിക്കാവുന്നതാണ്.<br>• പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വായ്പാബന്ധിതമല്ലാതെയുള്ള പ്രത്യേക പ്രോജക്ടുകൾക്ക് സബ്സിഡി നൽകുന്നതും പരിഗണിക്കാം. വായ്പയ്ക്ക് പകരം മറ്റ് ഏജൻസികളുടെ ധനസഹായം ലഭ്യമാകുകയാണെങ്കിലും സബ്സിഡി നൽകാം. |
| | b. സ്വയംതൊഴിലിന് ആസ്തികൾ (വ്യക്തിഗതം)-നഗര പ്രദേശങ്ങളിൽ | പൊതുവിഭാഗം<br><br>പട്ടികജാതി<br>പട്ടികവർഗ്ഗം | 25% (പരമാവധി 50,000 രൂപ) SGSRY നിരക്ക് | |

| | | | | |
|---|---|---|---|---|
| 2. | a. സ്വയം തൊഴിലിന് ആസ്തികൾ (ഗ്രൂപ്പ് സംരംഭങ്ങൾ കുറഞ്ഞത് 10 പേർ) ഗ്രാമ പ്രദേശങ്ങളിലും നഗരപ്രദേശങ്ങളിലും. ശാരീരിക വൈകല്യമുള്ളവർ മാത്രം ഉൾപ്പെടുന്ന ഗ്രൂപ്പാണെങ്കിൽ 5 അംഗങ്ങൾ മതി. എന്നാൽ ഗ്രൂപ്പിലെ ഒരംഗത്തിന് പരമാവധി 20,000 രൂപയെന്ന തോതിലായിരിക്കണം സബ്സിഡി നൽകേണ്ടത്. | പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം | 50%<br>(പരമാവധി<br>2,00,000 രൂപ) | • ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെട്ട 18 വയസ്സ് കഴിഞ്ഞ, തൊഴിൽരഹിതരുടെ ഗ്രൂപ്പ് ആയിരിക്കണം<br>• സ്വയംതൊഴിൽ സംരംഭം ആരംഭിക്കുന്നതിന് മറ്റേതെങ്കിലും ഏജൻസിയിൽ നിന്ന് സർക്കാർ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ഗ്രൂപ്പിൽ അംഗങ്ങളായിരിക്കരുത്, അപ്രകാരമുള്ള ഗ്രൂപ്പും ആയിരിക്കരുത്<br>• ഗ്രൂപ്പ് രൂപീകരിച്ച് 6 മാസം കഴിഞ്ഞശേഷം നടത്തിയ ഗ്രേഡിംഗിൽ വിജയിച്ച ഗ്രൂപ്പ് ആയിരിക്കണം<br>• സംരംഭം ഒറ്റ യൂണിറ്റായി നടത്തുകയും സാമ്പത്തിക ഇടപാടുകൾ (സംരംഭത്തിൽ നിന്നുള്ള വരവുകളും നടത്തിപ്പിനുവേണ്ടിയുള്ള ചെലവുകളും) ബാങ്ക് അക്കൗണ്ട് മുഖേന ആയിരിക്കേണ്ടതാണ്<br>• വായ്പാബന്ധിത പ്രോജക്ട് ആണെങ്കിൽ സബ്സിഡി ബാങ്കിൽ അടയ്ക്കണം |
| | b. സ്വയം തൊഴിലിന് ആസ്തികൾ (സ്ത്രീകളുടെ മാത്രം ഗ്രൂപ്പ് സംരംഭങ്ങൾ. കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ്) നഗര പ്രദേശങ്ങളിൽ മാത്രം | പൊതുവിഭാഗം<br>പട്ടികജാതി<br>പട്ടികവർഗ്ഗം | 35%<br>(പരമാവധി<br>3,00,000 രൂപ)<br>SGSY<br>നിരക്ക് | |
| 3 | പരമ്പരാഗത കൈത്തൊഴിലുകളുടെ പ്രോത്സാഹനം | പൊതുവിഭാഗം/<br>പട്ടികജാതി/<br>പട്ടികവർഗ്ഗം | ഒരംഗത്തിന് പരമാവധി 5,000 രൂപ നിരക്കിൽ ഗ്രൂപ്പിന് പരമാവധി 25,000 രൂപ | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം<br>• അസംസ്കൃത വസ്തുക്കൾ വാങ്ങി സ്വയം കൈത്തൊഴിൽ ചെയ്ത് ഉപജീവനം നടത്തുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട പരമ്പരാഗത കൈത്തൊഴിലുകൾ (മുള, ഈറ എന്നിവ ഉപയോഗിച്ചുള്ള തൊഴിലുകൾ, മൺപാത്ര നിർമ്മാണം, കയർ പിരിക്കൽ മുതലായ തൊഴിലുകൾ) ചെയ്യുന്നവരായിരിക്കണം<br>• കുറഞ്ഞത് 5 പേരുള്ള ഗ്രൂപ്പ് രൂപീകരണം.<br>• അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിന് ഒറ്റത്തവണ ധനസഹായം ഗ്രൂപ്പിന് നൽകാവുന്നതാണ്<br>• മുകളിൽ ക്രമ നമ്പർ 1 ലും, 2 ലും പറഞ്ഞ ധനസഹയം ലഭിക്കുന്നവർ ഈ ഗ്രൂപ്പിൽ അംഗങ്ങളാകരുത്<br>• വായ്പാബന്ധിതമാണെങ്കിൽ സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേക്ക് നൽകണം. |
| 4. | ഓട്ടോറിക്ഷ/പിക് അപ് ഓട്ടോറിക്ഷ | പൊതുവിഭാഗം/ | 40000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലെ സ്വയംസംരംഭകത്വമിഷനിലോ പേര് രജിസ്റ്റർ ചെയ്തവരായിരിക്കണം<br>• ഡ്രൈവിംഗ് ലൈസൻസും ബാഡ്ജും ലഭിച്ചിട്ടുള്ളവരായിരിക്കണം<br>• സ്വയംതൊഴിലിനായി മറ്റ് ഏജൻസികളിൽ നിന്നോ മറ്റേതെങ്കിലും പരിപാടി പ്രകാരമോ ധനസഹായം ലഭിച്ചവരോ ലഭിക്കുന്നവരോ ആകരുത്<br>• വായ്പാബന്ധിത പ്രോജക്ടായിരിക്കണം<br>• ധനസഹായ തുക ബാക്ക് എൻഡഡ് സബ്സിഡിയായി ബാങ്കിലേക്ക് നൽകണം |
| | | പട്ടികജാതി/ | 50000 | |
| | | പട്ടികവർഗ്ഗം | 50000 | |

| | | | | |
|---|---|---|---|---|
| 5. | ശാരീരിക വൈകല്യമുള്ള വർക്ക് പെട്ടിക്കട | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 25000 | • വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയിരിക്കണം.<br>• ഇതിന് മുൻപ് സ്വയം തൊഴിൽ സംരംഭത്തിന് ധനസഹായം ലഭിച്ചവരാകരുത്<br>• 25000 രൂപയിൽ അധികം തുക വേണ്ടി വരുന്നുവെങ്കിൽ ഗുണഭോക്താവ് കണ്ടെത്തണം<br>• കച്ചവടത്തിന് അനുയോജ്യമായ സ്ഥലത്തായിരിക്കണം പെട്ടിക്കട തുടങ്ങേണ്ടത്.<br>• റോഡ് പുറമ്പോക്കിൽ അനധികൃതമായി സ്ഥാപിക്കരുത്<br>• നടത്തിപ്പിനുള്ള അവകാശം മാത്രമേ നൽകാവൂ.<br>• മുമ്പ് വിതരണം ചെയ്തിട്ടുള്ള പെട്ടിക്കടകൾ ഉപയോഗരഹിതമായി കിടക്കുന്നുണ്ടെങ്കിൽ വീണ്ടും പുതിയ പ്രോജക്ട് ഏറ്റെടുക്കരുത്. |

**കുറിപ്പ്**

1. സംരംഭക കോസ്റ്റ് കണക്കാക്കുന്നതിൽ പ്രവർത്തന മൂലധനത്തിന്റെ മാർജിൻ തുകയും, പ്രാരംഭ ചെലവുകളും കൂടി ആസ്തികളുടെ വിലയോടൊപ്പം ഉൾപ്പെടുത്തേണ്ടതാണ്.
2. വ്യക്തിഗതം/ഗ്രൂപ്പ് സ്വയംതൊഴിൽ സംരംഭത്തിന്റെ യൂണിറ്റ് കോസ്റ്റ് കണക്കാക്കുന്നതിൽ അസംസ്കൃത വസ്തുക്കളുടെ വില, വാങ്ങിവിൽക്കുന്ന സാധനങ്ങളുടെ വില, ആവർത്ത നസ്വഭാവമുള്ള ചെലവുകൾ എന്നിവ ഉൾപ്പെടുത്താമെങ്കിലും സബ്സിഡിയുടെ ശതമാനപരിധിയും തുക പരിധിയും ആസ്തികളുടെ വിലയുടെ അടിസ്ഥാനത്തിൽ (ക്രമ നമ്പർ മൂന്നിൽ പറഞ്ഞ സംഗതിയിൽ ഒഴികെ) നിജപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള ചെലവുകൾ ആവശ്യമായ തുക സംരംഭകരുടെ വിഹിതം/ബാങ്ക് വായ്പയായി കണ്ടെത്തേ ണ്ടതും അതു സംബന്ധിച്ച കണക്കുകൾ പ്രോജക്ടിൽ പ്രത്യേകം കാണിച്ചിരിക്കേണ്ടതുമാണ്.
3. റിവോൾവിംഗ് ഫണ്ട്, പ്രവർത്തന മൂലധനം, റോ മെറ്റീരിയൽ ഗ്രാന്റ്, മാർജിൻമണി ഗ്രാന്റ്, മാനേജീരിയൽ സബ്സിഡി എന്നിവ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടിന്റെ ഭാഗമായിരിക്കുന്നതല്ല.

### 3.8. മണ്ണിര കമ്പോസ്റ്റ്/കമ്പോസ്റ്റ്/ബയോഗ്യാസ് പ്ലാന്റ്

| ക്രമ നമ്പർ | ഇനം | കാറ്റഗറി | സബ്സിഡി നിരിക്കിന്റെ ഉയർന്ന പരിധി | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | വീടുകൾക്കുള്ള വിവിധ തരത്തിലുള്ള കമ്പോസ്റ്റ് യൂണിറ്റുകൾ<br>a. ഗാർഹിക മണ്ണിര കമ്പോസ്റ്റ് യൂണിറ്റ്<br>b. റിംഗ് കമ്പോസ്റ്റ് യൂണിറ്റ്<br>c. പൈപ്പ് കമ്പോസ്റ്റ്<br>d. മൺകല കമ്പോസ്റ്റ്<br>e. ബയോ പെഡസ്റ്റൽ സിസ്റ്റം<br>f. മോസ്പിറ്റ്<br>g. ജൈവഭരണി കമ്പോസ്റ്റ് (ബയോ ഡൈജസ്റ്റർ പോട്ട്)<br>h. പോർട്ടബിൾ അനറോബിക് ബയോബിൻസ്<br>i. ഹോം പോളിമർ ടംബ്ലർ<br>j. പ്ലാസ്റ്റിക് ബിൻ/ ബക്കറ്റ് കമ്പോസ്റ്റ്<br>k. മിനി ബയോ പെഡസ്റ്റർ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 90%<br>75% സർക്കാരും<br>15%<br>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും | • എല്ലാ വിഭാഗത്തിൽ പെട്ടവർക്കും നൽകാം<br>• 1.03.2011 ലെ ജ.ഒ. (എം.എസ്) നമ്പർ 73/2011/തസ്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൽ പറഞ്ഞ പ്രകാരമോ അല്ലെങ്കിൽ ശുചിത്വമിഷൻ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ (സാധാ) നമ്പർ 561/2012 തസ്വഭവ തിയതി 24.02.2012 സ.ഉ. (സാധാ) 318/2011/ തസ്വഭവ തിയ്യതി 20.12.11 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം<br>• 90% സബ്സിഡിയിൽ 75% സർക്കാരും (ശുചിത്വമിഷൻ മുഖേന) 15% ഗ്രാമപഞ്ചായത്ത്/ നഗരസഭയുമാണ് വഹിക്കേണ്ടത്. സന്നദ്ധ സംഘടനകളോ സ്ഥാപനങ്ങളോ 15% സബ്സിഡി വഹിക്കാൻ തയ്യാറാകുന്ന സാഹചര്യത്തിൽ സർക്കാർ സബ്സിഡി ശുചിത്വ മിഷൻ നേരിട്ട് നൽകുന്നതാണ് |

| | | | | |
|---|---|---|---|---|
| | b. ഗാർഹിക കമ്പോസ്റ്റ് യൂണിറ്റ് | പൊതുവിഭാഗം/ പട്ടിക ജാതി/ പട്ടികവർഗ്ഗം | 90% | എ യിലെ മാനദണ്ഡങ്ങൾ |
| | c. ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ്<br>(i) ഗാർഹിക ബയോഗ്യാസ് പ്ലാന്റ് 05 ക്യുബിക് മീറ്റർ<br>(ii) ഗാർഹിക ബയോഗ്യാസ് പ്ലാന്റ് 1 ക്യുബിക് മീറ്റർ | പൊതുവിഭാഗം/ പട്ടിക ജാതി/ പട്ടികവർഗ്ഗം | 75 %<br>(50 ശതമാനം സർക്കാരും 25% തദ്ദേശസ്വയം ഭരണ സ്ഥാപന ങ്ങളും) | • കൂടുതൽ മാലിന്യം ഉത്പാദിപ്പിക്കുന്നതും ബയോഗ്യാസ് പ്ലാന്റ് പരിപാലിക്കാൻ സന്നദ്ധതയു ള്ളതുമായ എല്ലാ വിഭാഗം കുടുംബങ്ങൾക്കും നൽകാവുന്നതാണ്.<br>• 01.03.2011 ലെ ജി.ഒ. എം.എസ്.) നമ്പർ 73/2011 തസ്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡു കളും സ്പെസിഫിക്കേഷനുകളും കൂടാതെ ജി.ഒ.(ആർ.റ്റി) നമ്പർ 718/2012 തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൻ പറഞ്ഞ പ്രകാരമോ അല്ലെ ങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാ.ധാ) നമ്പർ 561/2012 തസ്വഭവ തീയതി സ.ഉ.(സാധാ) 318/2011 തസ്വഭവ തീയതി 20.12.2011 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം.<br>• 75% സബ്സിഡിയിൽ 50% സർക്കാരും (ശുചിത്വമിഷൻ മുഖേന) 25% ഗ്രാമപഞ്ചായത്ത്/നഗര സഭയുമാണ് വഹിക്കേണ്ടത്. സന്നദ്ധ സംഘടനകളോ സ്ഥാപനങ്ങളോ 15% സബ്സിഡി വഹി ക്കാൻ തയ്യാറാകുന്ന സാഹചര്യത്തിൽ സർക്കാർ സബ്സിഡി ശുചിത്വ മിഷൻ നേരിട്ട് നൽകു ന്നതാണ്. |
| | ഫ്ളാറ്റുകൾ വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ രീതികൾ<br>1. ബയോഗ്യാസ് പ്ലാന്റ്<br>2. മണ്ണിര കമ്പോസ്റ്റ്<br>3. വിൻഡ്രോ<br>4. ബയോബിൻസ്<br>5. പോർട്ടബിൾ ബയോ ബിൻസ്<br>6. കേന്ദ്രീകൃത ബയോ ടാങ്കുകൾ<br>7. എറോബിക്-ഫെറോ സിമന്റ് ബിൻസ്<br>8. ഓർഗാനിക് വേസ്റ്റ് കൺവെർട്ടിംഗ് മെഷീൻ (മെക്കാനി ക്കൽ വേസ്റ്റ് വേസ്റ്റിംഗ്) | | പരമാവധി യൂണിറ്റ് നിര ക്കിൽ 50% | • എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും നൽകാം<br>• 01.03.2011 ലെ ജി.ഒ. (എം.എസ്.) നമ്പർ 73/2011 തസ്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡു കളും സ്പെസിഫിക്കേഷനുകളും കൂടാതെ ജി.ഒ.(ആർ.റ്റി) നമ്പർ 718/2012 തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൻ പറഞ്ഞ പ്രകാരമോ അല്ലെ ങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാ.ധാ) നമ്പർ 561/2012 തസ്വഭവ തീയതി സ.ഉ.(സാധാ) 318/2011 തസ്വഭവ തീയതി 20.12.2011 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം.<br>• സബ്സിഡി തുക സർക്കാരിൽ നിന്നും ശുചിത്വ മിഷൻ വഴി തദ്ദേശസ്വയംഭരണ സ്ഥാപനം തയ്യാറാക്കുന്ന പദ്ധതി പ്രകാരം നൽകുന്നതാണ്<br>• സബ്സിഡി തുക ഫ്ളാറ്റ് ഒന്നിന് 500 രൂപയോ സുച്ഛയം ഒന്നിന് കുറഞ്ഞത് 15000/- രൂപയായി നിജപ്പെടുത്തുന്നതാണ്. |
| 3. | സ്കൂൾ, ആശുപത്രി, ഹോസ്റ്റൽ, മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്ക് മാലിന്യ സംസ്കരണ സംവിധാനം | | | |
| | വിവിധ തരത്തിലുള്ള മാലിന്യ സംസ്കരണ രീതി കൾ<br>1. ബയോഗ്യാസ് പ്ലാന്റ്<br>2. മണ്ണിര കമ്പോസ്റ്റ്<br>3. വിൻഡ്രോ<br>4. ബയോബിൻസ്<br>5. പോർട്ടബിൾ ബയോ ബിൻസ് | | പരമാവധി യൂണിറ്റ് നിര ക്കിൽ 50% | • എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും നൽകാം<br>• 01.03.2011 ലെ ജി.ഒ. (എം.എസ്.) നമ്പർ 73/2011 തസ്വഭവ ഉത്തരവിൽ പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡു കളും സ്പെസിഫിക്കേഷനുകളും കൂടാതെ ജി.ഒ.(ആർ.റ്റി) നമ്പർ 718/2012 തസ്വഭവ പ്രകാരം പറഞ്ഞിട്ടുള്ള സ്റ്റാന്റേർഡുകളും സ്പെസിഫിക്കേഷനുകളും ബാധകമായിരിക്കുന്നതാണ്.<br>• ഓരോന്നിന്റെയും യൂണിറ്റ് കോസ്റ്റ് മുകളിൽ പറഞ്ഞ ഉത്തരവിൻ പറഞ്ഞ പ്രകാരമോ അല്ലെ ങ്കിൽ സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രകാരമോ ആയിരിക്കുന്നതാണ്.<br>• സ.ഉ.(സാ.ധാ) നമ്പർ 561/2012 തസ്വഭവ തീയതി സ.ഉ.(സാധാ) 318/2011 തസ്വഭവ തീയതി 20.12.2011 എന്നീ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചിരിക്കണം.<br>• സബ്സിഡി തുക സ്ഥാപനം ഒന്നിന് ഒരു ലക്ഷം രൂപയിൽ കവിയാവുന്നതല്ല |

| | | | | |
|---|---|---|---|---|
| | 6. കേന്ദ്രീകൃത ബയോ ടാങ്കുകൾ<br>7. എറോബിക്-ഫെറോ സിമന്റ് ബിൻസ്<br>8. ഓർഗാനിക് വേസ്റ്റ് കൺവെർട്ടിംഗ് മെഷീൻ (മെക്കാനിക്കൽ വേസ്റ്റ് വേസ്റ്റിംഗ്) | | | |

**3.9. സബ്സിഡി നൽകുന്നതിൽ നിയന്ത്രണം**

**3.9.1. വ്യക്തികൾക്കും കുടുംബങ്ങൾക്കും ഗ്രൂപ്പുകൾക്കും ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് സബ്സിഡി നൽകുവാൻ പാടില്ല.**

1. പ്രഷർകുക്കർ
2. പാചകപാത്രങ്ങൾ/സംഭരണ പാത്രങ്ങൾ
3. ഫർണിച്ചർ (എസ്.സി./എസ്.റ്റി വിഭാഗങ്ങൾ ഒഴികെ)
4. ടെലിവിഷൻ/റേഡിയോ/മൈക്ക് സെറ്റ് (സ്വയം തൊഴിൽ സംരംഭത്തിന്റെ കാര്യത്തിൽ ഒഴികെ) /വിളക്ക്/റാന്തൽ (വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വീടുകൾക്ക് സൗരോർജ്ജ റാന്തൽ നൽകാവുന്നതാണ്).
5. ബാഗ്/ചെരുപ്പ്/ഷൂസ്/കുട/നോട്ട്ബുക്ക് മുതലായവ (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഒഴികെ)
6. വസ്ത്രങ്ങൾ/യൂണിഫോമുകൾ/പുസ്തകങ്ങൾ (പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള സ്കൂൾ യൂണിഫോം ഒഴികെ)
7. പണമായി നൽകുന്ന സഹായം/പെൻഷൻ/സംഭാവന/പരസ്യം
8. ചികിത്സ/വിവാഹം/മരണാനന്തര ചടങ്ങുകൾ/കുട്ടികളുടെ ജനനം എന്നിവയ്ക്ക് ധനസഹായം (പ്രത്യേകം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ)
9. തയ്യൽ മെഷീൻ
10. കോടാലി/പിക്കാസ്/മൺകോരി/മൺവെട്ടി/കത്തി എന്നിവയും മറ്റു പൂന്തോട്ട നിർമ്മാണ ഉപകരണങ്ങളും
11. കൃഷിഭൂമി
12. പലിശ സബ്സിഡി
13. എൽ.പി.ജി. കണക്ഷൻ

**3.9.2.** വ്യക്തികളോ കുടുംബങ്ങളോ ഗുണഭോക്താക്കൾ ആയിട്ടുള്ള പരിപാടികൾക്ക് മാത്രം ബാധകമായ ഇനങ്ങളുടെ പട്ടികയാണ് നൽകിയിട്ടുള്ളത്. സബ്സിഡി നൽകുന്ന കാര്യത്തിൽ തർക്കങ്ങൾ ഉണ്ടായാൽ അത് സംബന്ധിച്ച് ഗവണ്മെന്റ് തലത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്. പ്രത്യേകം ഒഴിവാക്കിയിട്ടില്ലാത്ത സംഗതികളിൽ ഗുണഭോക്തൃ വിഹിതം പഞ്ചായത്തിൽ അടച്ചാണ് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടത്.

**4. സഹകരണസംഘങ്ങൾക്ക് ധനസഹായം**

തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ചുവടെ വിശദീകരിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകാവുന്നതാണ്.

**4.1. ക്ഷീര സഹകരണ സംഘങ്ങൾ/മിൽമയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സഹകരണ സംഘങ്ങൾ**

| ക്രമ നമ്പർ | ഇനം | സബസിഡി ശതമാനം | പരമാവധി സബ്സിഡി തുക | അർഹതാ മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | സംഘങ്ങളിൽ പാസ്ചറൈസേഷൻ പ്ലാന്റുകൾ (pasteurization plants) സ്ഥാപിക്കൽ | ചെലവിന് 25% | 12 ലക്ഷം രൂപ | കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 5000 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്നതുമായ സംഘങ്ങൾ |
| 2. | പാൽ ശീതീകരണികൾ (milk cooler) വാങ്ങുന്നതിന് | വിലയുടെ 33<sub></sub>1/3% | 3 ലക്ഷം രൂപ | കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം കുറഞ്ഞത് 300 ലിറ്റർ പാൽ കൈകാര്യം ചെയ്യുന്ന സംഘങ്ങൾ |
| 3. | ഓട്ടോമാറ്റിക് മിൽക്ക് പായ്ക്കിംഗ് മെഷീൻ | വിലയുടെ 33 1/3% | 3 ലക്ഷം രൂപ | കഴിഞ്ഞ 3 വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നതും 300 ലിറ്റർ ശേഷിയുള്ള മിൽക്ക് കൂളർ ഉള്ളതുമായ സംഘങ്ങൾ |
| 4. | പാൽ ശേഖരിക്കുന്ന മുറികൾ | ചെലവിന്റെ 25% | 1 ലക്ഷം രൂപ | സ്വന്തം സ്ഥലം ഉണ്ടായിരിക്കുകയും കഴിഞ്ഞ മൂന്ന് വർഷമായി ലാഭത്തിൽ പ്രവർത്തിക്കുന്നതും പ്രതിദിനം ശരാശരി 300 ലിറ്റർ പാൽ ശേഖരിക്കുന്നതുമായ സംഘങ്ങൾ. പുതിയ മുറികൾ നിർമ്മിക്കണം |
| 5. | ഓട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റ് | ചെലവിന്റെ 33 1/3% | 75,000 രൂപ | പ്രതിദിനം 300 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ |
| 6. | പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള ഉപകരണം | വിലയുടെ 33 1/3% | 25,000 രൂപ | പ്രതിദിനം 200 ലിറ്റർ പാൽ സംഭരിക്കുന്ന സംഘങ്ങൾ |
| 7. | സ്റ്റെയിൻലസ് സ്റ്റീൽ അലോയ് -304 ഗ്രേഡ് 40 ലിറ്റർ സംഭരണി | വിലയുടെ 33 1/3% | ഒരു സംഭരണിക്ക് പരമാവധി 1000 രൂപ | ഒരു സംഘത്തിന് പരമാവധി 10 സംഭരണികൾ - എല്ലാ പ്രാഥമിക സംഘങ്ങൾക്കും |

**കുറിപ്പ് :** ക്രമ നമ്പർ 1, 2, 3, 5, 6 എന്നിവ ക്ഷീരവികസന വകുപ്പിന്റെ സ്പെസിഫിക്കേഷൻ പ്രകാരമായിരിക്കേണ്ടതാണ്.

## 4.2. മത്സ്യ സഹകരണ സംഘങ്ങൾ

1. പൂർണ്ണമായ തോതിൽ ലേലസംവിധാനം ഉള്ള മത്സ്യ സഹകരണ സംഘങ്ങൾക്ക് മാത്രമേ സബ്സിഡി ലഭിക്കുന്നതിന് അർഹതയുള്ളു
2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ച് ആർജ്ജിക്കുന്ന ആസ്തികൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലായിരിക്കുന്നതാണ്
3. മത്സ്യലേലത്തിൽ പങ്കെടുക്കുന്ന ഒരു അംഗത്തിന് 3000 രൂപ എന്ന നിരക്കിൽ റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. കൂടാതെ ചുവടെ വിവരിക്കുന്ന സഹായവും നൽകാവുന്നതാണ്.

| ക്രമ നമ്പർ | ഇനം | സബ്സിഡിയുടെ ഉയർന്ന പരിധി | പരമാവധി സബ്സിഡി തുക | അർഹതാ മാനദണ്ഡങ്ങൾ |
|---|---|---|---|---|
| 1. | എഫ്.ഡബ്ല്യു.ഡി.സി.എസിന് മത്സ്യവിപണന വാഹനം | വിലയുടെ 20 ശതമാനം | പരമാവധി 1.25 ലക്ഷം രൂപ | മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘങ്ങൾ (എഫ്.ഡബ്ല്യു.ഡി. സി.എസ്.) ക്ക് മാത്രം |
| 2. | ലേലഹാൾ* | നിർമ്മാണ ചെലവിന്റെ 20 ശതമാനം | പരമാവധി 2 ലക്ഷം രൂപ | മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘങ്ങൾ - സംഘങ്ങൾക്ക് സ്വന്തമായി ഭൂമിയും ലേലം നടത്തുന്നതിന് പൂർണ്ണമായ സംവിധാനവും ഉണ്ടായിരിക്കണം |
| 3. | മത്സ്യവിപണനം നടത്തുന്ന വനിതകൾക്ക് വിശ്രമസ്ഥലം ടോയ്ലറ്റ് ഉൾപ്പെടെ* | നിർമ്മാണ ചെലവിന്റെ 50 ശതമാനം | പരമാവധി 1,00,000/- | മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘങ്ങൾ - സംഘങ്ങൾക്ക് സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം |
| 4. | തൊഴിൽ വൈവിധ്യവൽക്കരണ സംരംഭങ്ങൾ | | | • മത്സ്യത്തൊഴിലാളി ക്ഷേമവികസന സഹകരണ സംഘങ്ങൾക്ക് മാത്രം.<br>• സംഘങ്ങൾക്ക് സ്വന്തമായി ഭൂമി ഉണ്ടായിരിക്കണം<br>• യൂണിറ്റ് കോസ്റ്റ് മത്സ്യവകുപ്പ് നിശ്ചയിക്കുന്ന പ്രകാരമായിരിക്കുന്നതാണ് |
| | 1. മത്സ്യം സൂക്ഷിക്കുന്നതിനുള്ള ശീതീകരണ സംവിധാനം | വിലയുടെ 20 ശതമാനം | ഉയർന്നപരിധി 2.50 ലക്ഷം രൂപ | |
| | 2. ഓട്ടോമാറ്റിക് മത്സ്യസംസ്കരണ യന്ത്രം | വിലയുടെ മൂന്നിലൊരു ഭാഗം | ഉയർന്നപരിധി 2.50 ലക്ഷം രൂപ | |
| 7. | 3. മത്സ്യസംസ്കരണ പ്ലാന്റുകൾ | വിലയുടെ 20 ശതമാനം | ഉയർന്നപരിധി 8 ലക്ഷം രൂപ | |
| | 4. അലങ്കാര മത്സ്യം വളർത്തൽ | വിലയുടെ 20 ശതമാനം | ഉയർന്നപരിധി 50,000 രൂപ | |

*കുറിപ്പ് : ക്രമ നമ്പർ 2 ലും 3 ലും പറഞ്ഞവ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനത്തിന്റേയോ സർക്കാരിന്റേയോ ഉടമസ്ഥതയിലുള്ള പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കാവുന്നതാണ്. നിർമ്മിതികളുടേയും സ്ഥലത്തിന്റേയും ഉടമസ്ഥത തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആണെങ്കിൽ മുഴുവൻ ചെലവും തദ്ദേശഭരണ സ്ഥാപനത്തിന് വഹിക്കാവുന്നതാണ്. എന്നാൽ ഇവ പരിപാലിക്കേണ്ട ചുമതല സംഘങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

## 4.3. വ്യവസായ സഹകരണ സംഘങ്ങൾ

1. ആധുനികവത്കരണത്തിനും (modernization) വിപുലീകരണത്തിനും (expansion) ആവശ്യമായ യന്ത്രങ്ങൾ/ഉപകരണങ്ങൾ വാങ്ങുന്നതിന് - മൊത്തം വിലയുടെ മൂന്നിലൊരുഭാഗം - പരമാവധി 2.50 ലക്ഷം രൂപ ഓരോ സംഘത്തിനും സബ്സിഡി നൽകാവുന്നതാണ്.
2. സ്ഥിരമായ വിപണനകേന്ദ്രങ്ങൾ - വിപണനകേന്ദ്രം നിർമ്മിക്കുന്ന സ്ഥലത്തിന്റെ ഉടമസ്ഥത തദ്ദേശഭരണ സ്ഥാപനത്തിനായിരിക്കണം. വിപണനത്തിന് അനുയോജ്യമായ/സാധ്യതയുള്ള സ്ഥലമായിരിക്കണം.
3. അർഹത നിശ്ചയിക്കുന്നതിന് ചുവടെ കൊടുത്തിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.
   - ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം വാങ്ങിയിരിക്കണം
   - സംഘത്തിന് ശമ്പളം പറ്റുന്ന മുഴുവൻ സമയ സെക്രട്ടറി (paid Secretary) ഉണ്ടായിരിക്കണം
   - സംഘത്തിന് വിപണനശൃംഖല ഉണ്ടായിരിക്കണം

- സംഘത്തിന്റെ കഴിഞ്ഞ മൂന്ന് വർഷത്തെ യഥാർത്ഥ നഷ്ടം (net loss) പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനത്തിന്റെ (paid-up sharecapital) പകുതിയിൽ അധികമാകാൻ പാടില്ല.

**4.4. കൈത്തറി സഹകരണ സംഘങ്ങൾ**

1. തദ്ദേശഭരണ സ്ഥാപനത്തിന് ഉടമസ്ഥതയുള്ള സ്ഥലത്ത് സ്ഥിരമായ വിപണന കേന്ദ്രങ്ങൾ
2. ദാരിദ്ര്യരേഖക്ക് താഴെയുള്ള അംഗങ്ങൾക്ക് തറി, നെയ്ത്ത് സാമഗ്രികൾ എന്നിവ വാങ്ങുന്നതിന് സ്വയംതൊഴിൽ സംരംഭങ്ങൾക്ക് ബാധകമായിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി ധനസഹായം നൽകാവുന്നതാണ്

**4.5. കയർ സഹകരണ സംഘങ്ങൾ**

1. ഗവണ്മെന്റ് ഗ്യാരന്റി കൂടാതെയുള്ള ബാങ്ക് വായ്പയുടെ 20 ശതമാനം മാർജിൻമണിയായി അനുവദിക്കാവുന്നതാണ്
2. പുതിയ സംഘങ്ങളെ സംബന്ധിച്ചിടത്തോളം ദാരിദ്ര്യരേഖയിൽ താഴെയുള്ള അംഗങ്ങൾക്ക് റാട്ട് വാങ്ങുന്നതിന് സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ബാധകമായിട്ടുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സബ്സിഡി അനുവദിക്കാവുന്നതാണ്
3. നിലവിലുള്ള സംഘങ്ങൾ യന്ത്രവൽക്കരിക്കുന്നതിനായി 50% സബ്സിഡി പരമാവധി 2.50 ലക്ഷം രൂപ എന്ന നിബന്ധനയോടെ അനുവദിക്കാവുന്നതാണ്.

**4.6. ഖാദി സഹകരണ സംഘങ്ങൾ**

1. ഖാദി ഗ്രാമവ്യവസായ കമ്മീഷനും (KVIC) ഖാദി ഗ്രാമവ്യവസായ ബോർഡും (KVIB) പരിരക്ഷിക്കുന്ന സഹകരണ സംഘങ്ങൾക്ക് മാത്രം (അവ കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ തുടർച്ചയായി പ്രവർത്തിക്കുന്നവയാണെങ്കിൽ) ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും. ഖാദി മേഖലയിൽ പ്രവർത്തിക്കുന്ന ചാരിറ്റബിൾ സംഘങ്ങൾക്ക് അവയുടെ ഖാദിപ്രവർത്തനങ്ങൾക്ക് മാത്രം ധനസഹായം നൽകാവുന്നതാണ്. അത്തരം ചാരിറ്റബിൾ സംഘങ്ങൾക്ക് 'ഖാദി സർട്ടിഫിക്കേഷൻ' ഉണ്ടായിരിക്കണം
2. ഫണ്ട് ശരിയായ രീതിയിൽ വിനിയോഗിക്കുന്ന സംഘമാണെന്ന് ഖാദി ഗ്രാമവ്യവസായ കമ്മീഷന്റെ/ഖാദി ഗ്രാമ വ്യവസായ ബോർഡിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി നൽകിയ സർട്ടിഫിക്കറ്റ് സംഘത്തിന് ഉണ്ടായിരിക്കണം. കുടുംബങ്ങൾ നിയന്ത്രിക്കുന്ന സംഘങ്ങൾക്ക് ധനസഹായം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
3. ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ധനസഹായം നൽകാവുന്നതാണ്
   - നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം (expansion)
   - തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്ന പുതിയ യൂണിറ്റുകൾ
   - വർക്ക്ഷെഡുകൾ വിപണന കേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്
   - യന്ത്രസാമഗ്രികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന് (upgradation of machinery)
4. സബ്സിഡിതുക പ്രോജക്ട് ചെലവിന്റെ മൂന്നിലൊരു ഭാഗത്തിൽ അധികമാകാൻ പാടില്ല. എന്നാൽ വർക്ക്ഷെഡുകൾ, വിപണന കേന്ദ്രങ്ങൾ എന്നിവ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് നിർമ്മിക്കുകയാണെങ്കിൽ 100% സബ്സിഡിയാകാം. പരമാവധി തുക 10 ലക്ഷമായിരിക്കണം.

**4.7. പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

കഴിഞ്ഞ മൂന്ന് വർഷമായി പ്രവർത്തിക്കുന്നതും ഓഹരി മൂലധനത്തിന്റെ (share capital) 50 ശതമാനത്തിൽ കൂടുതൽ നഷ്ടം ഇല്ലാത്തതുമായ സംഘങ്ങൾക്ക് ധനസഹായത്തിനുള്ള അർഹത ഉണ്ടായിരിക്കും. തൊഴിൽ നൽകുന്നതിനുള്ള പ്രോജക്ടുകൾക്ക്, മൂലധന ചെലവിന്റെ 50 ശതമാനം എന്ന പരിധിക്ക് വിധേയമായി, ധനസഹായം നൽകാവുന്നതാണ്. മാനേജീരിയൽ സബ്സിഡി നൽകാൻ പാടുള്ളതല്ല.

**4.8. കർഷക സഹകരണ സംഘങ്ങൾ**

കർഷകർ മാത്രം അംഗങ്ങളായിട്ടുള്ളതും അംഗങ്ങളിൽ 90 ശതമാനമെങ്കിലും ചെറുകിട/നാമമാത്ര കർഷകരായിട്ടുള്ളതും കഴിഞ്ഞ അഞ്ച് വർഷമായി

പ്രവർത്തിക്കുന്നതും നഷ്ടത്തിൽ അല്ലാത്തതുമായ സംഘങ്ങൾക്ക് മാത്രമേ ധനസഹായം ലഭിക്കുന്നതിന് അർഹത ഉണ്ടായിരിക്കുകയുള്ളു. സംഭരണശാല നിർമ്മിക്കുന്നതിനോ (storage facility) മൂല്യവർദ്ധനവിന് (value addition) ആവശ്യമായ യന്ത്രങ്ങൾ വാങ്ങുന്നതിനോ കെട്ടിടം നിർമ്മിക്കുന്നതിനോ ധനസഹായം നൽകാവുന്നതാണ്. സഹായത്തിന്റെ തോത് പരമാവധി 5 ലക്ഷം എന്ന പരിധിക്ക് വിധേയമായി 331/3 ശതമാനമായിരിക്കും. എന്നാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതെങ്കിൽ 100% ധനസഹായം നൽകാവുന്നതാണ്.

**4.9. സഹകരണ സംഘങ്ങൾ - പൊതുവായവ**

ചുവടെ വിവരിക്കുന്ന ആവശ്യങ്ങൾക്കും സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകാവുന്നതാണ്.

1. കൊപ്ര, കുരുമുളക് മുതലായവ ഉണക്കുന്നതിനുള്ള യന്ത്രത്തിന്റെ വിലയുടെ 25 ശതമാനം - പരമാവധി 75,000 രൂപ
2. സഹകരണ സംഘങ്ങൾ നടത്തുന്ന ഗോഡൗണുകളുടെയും ആധുനിക സംഭരണശാലകളുടെയും (modern storehouses) നിർമ്മാണം - എന്നാൽ സഹകരണ സംഘങ്ങൾ, ആസ്തിയുടെ ഉടമസ്ഥത തദ്ദേശഭരണ സ്ഥാപനത്തിന് അനുവദിച്ചുനൽകണം

**4.10** പൂർണ്ണമായോ ഭാഗികമായോ തദ്ദേശഭരണ സ്ഥാപനം നൽകുന്ന ഫണ്ട് വിനിയോഗിച്ച് സൃഷ്ടിക്കുന്ന ആസ്തികൾ യാതൊരു കാരണവശാലും അന്യാധീനപ്പെടുത്തുന്നതല്ലെന്നും, ഏതെങ്കിലും കാരണത്താൽ സംഘം ലിക്വിഡേറ്റ് ചെയ്യുകയോ, പ്രവർത്തനരഹിതമാകുകയോ (liquidate or non-functional) ആണെങ്കിൽ ആസ്തികൾ തദ്ദേശഭരണസ്ഥാപനത്തിന്റേതായി തീരുന്നതാണെന്നും രേഖാമൂലം ഒരു കരാറിൽ ഏർപ്പെട്ട ശേഷമേ ധനസഹായം നൽകാവൂ.

**4.11.** മുകളിൽ 9 വിഭാഗങ്ങളിലായി പറഞ്ഞ സഹകരണ സംഘങ്ങളിൽ ഏതെങ്കിലും വിഭാഗത്തിൽപ്പെട്ട സഹകരണസംഘത്തിന്/സംഘങ്ങൾക്ക് ധനസഹായം നൽകാൻ ഒരു തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുകയാണെങ്കിൽ ആ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ അധികാരാതിർത്തിയിൽ പ്രവർത്തിക്കുന്ന ആ വിഭാഗത്തിലെ എല്ലാ സഹകരണ സംഘങ്ങളിൽ നിന്നും ഇതിനായി അപേക്ഷ ക്ഷണിക്കണം. അപേക്ഷകർക്കുള്ള അർഹതാ മാനദണ്ഡങ്ങളും മുൻഗണനാ മാനദണ്ഡങ്ങളും അപേക്ഷാഫോറത്തിൽ വ്യക്തമായി സൂചിപ്പിച്ചിരിക്കണം. വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് പോലെ മുൻഗണന മാനദണ്ഡങ്ങൾ പ്രകാരം മാർക്കുകൾ നിശ്ചയിച്ച് ഏറ്റവും അർഹമായ സഹകരണ സംഘത്തെ/സംഘങ്ങളെ മാത്രമേ തിരഞ്ഞെടുക്കാവൂ. അപേക്ഷ ക്ഷണിക്കാതെയും അർഹതാ-മുൻഗണനാ മാനദണങ്ങളുടെ അടിസ്ഥാനത്തിലല്ലാതെയും ഏതെങ്കിലും സഹകരണ സംഘത്തെ ഏകപക്ഷീയമായി തിരഞ്ഞെടുത്ത് (arbitary selection) ധനസഹായം നൽകാൻ പാടില്ല. ഇക്കാര്യം തുക നൽകുന്നതിന് മുമ്പ് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പ് വരുത്തിയിരിക്കണം.

**5. ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സഹായം**

**5.1.** ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്, അവർ എ.പി.എൽ/ബി.പി.എൽ ഗ്രൂപ്പുകൾ എന്ന വേർതിരിവില്ലാതെ തന്നെ 100% സഹായം നൽകാവുന്നതാണ്.

**5.2.** ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് ചുവടെ വിവരിക്കുന്ന ഇനങ്ങൾ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്

**5.3.** ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഏറ്റവും കുറഞ്ഞത് 30% എങ്കിലും വൈകല്യം ഉണ്ടായിരിക്കേണ്ടതാണ്.

(a) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്:

(1) സർജിക്കൽ ഷൂസ്/അംഗിൾബൂട്ട്/മോൾഡഡ് ഷൂസ്/ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്/അക്കോമഡേറ്റീവ് പാദരക്ഷകൾ

(2) ഓർത്തോപെഡിക്ക് ഉപകരണങ്ങൾ/വിവിധതരം കറക്റ്റീവ് ഷൂസുകൾ

(3) വിവിധതരം കൃത്രിമ അവയവങ്ങൾ/കാൽ, കൈ എന്നിവ

(4) സഞ്ചാരസഹായികൾ/വിവിധതരം ക്രച്ചസ്, വാക്കേഴ്സ് (walkers)

(5) ലംബാർ കോർസെറ്റ്/സ്പൈനൽ ബ്രേസ്/ജാക്കറ്റ്/നീ ബ്രേസ് (knee brace)/സ്റ്റാറ്റിക് അല്ലെങ്കിൽ ഡൈനാമിക് സ്പളിന്റ്സ്/വീൽ ചെയർ/കൈക്കൊണ്ടുപയോഗിക്കുന്നതോ മോട്ടോർ മുഖേന പ്രവർത്തിക്കുന്നതോ ആയ പ്രത്യേകം രൂപകൽപ്പന ചെയ്ത ട്രൈസൈക്കിളുകൾ

(b) കേഴ്വിശക്തി കുറഞ്ഞവർക്ക് ശ്രവണ സഹായികൾ (hearing aids)

(c) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്

(1) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് നൽകാവുന്ന അതേ ഉപകരണങ്ങൾ മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും നൽകാം.

(d) കാഴ്ച കുറഞ്ഞവർക്ക്

(1) ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയിൻ

(2) ഹാൻഡ് ഹെൽഡ് സ്റ്റാന്റ്, ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പിച്ച് സിൻതസൈസേയഴ്സ്, കമ്പ്യൂട്ടറും കമ്പ്യൂട്ടറിനാവശ്യമായ ബ്രെയിലി അറ്റാച്ച്മെന്റുകളും

(3) കാഴ്ച കുറഞ്ഞവർക്കും കേഴ്വിശക്തി കുറഞ്ഞവർക്കുമായി ടെലഫോണിൽ ഘടിപ്പിക്കുന്ന ബ്രെയ്ലി അറ്റാച്ച്മെന്റുകളും

(4) ബ്രെയ്ലി എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ-ഷോർട്ട് ഹാൻഡ് ബ്രെയ്ലി മെഷീൻ, പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയ്ലി ടൈപ്പ്റൈറ്റർ, കമ്പ്യൂട്ടർ, ടോക്കിംഗ് കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ

(5) പ്രത്യേക പഠന സാമഗ്രികൾ

**5.4.** ഉപകരണങ്ങളുടെ ആവശ്യകത നിർണ്ണയിക്കൽ

(1) ഓരോ വ്യക്തിക്കും പ്രത്യേക സ്പെസിഫിക്കേഷനിലുള്ള ഉപകരണങ്ങൾ വേണം എന്നുള്ളതിനാൽ ഓരോരുത്തരേയും പരിശോധിച്ച് ഓരോരുത്തർക്കും ആവശ്യമായ ഉപകരണത്തിന്റെ പേരും സ്പെസിഫിക്കേഷനും മതിപ്പ് വിലയും നിശ്ചയിച്ചശേഷമേ പ്രോജക്ട് തയ്യാറാക്കാവൂ.

(2) ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഈ ആവശ്യത്തിനുള്ള പ്രോജക്ട് തയ്യാറാക്കാവൂ. അതിനായി ഗ്രാമപഞ്ചായത്തുകൾക്ക് വേണ്ടി ബ്ലോക്ക്തലത്തിലും നഗര ഭരണ സ്ഥാപനങ്ങൾക്കുവേണ്ടി നഗരഭരണ സ്ഥാപനതലത്തിലോ അടുത്തടുത്തുള്ള രണ്ടോ മൂന്നോ നഗര ഭരണ സ്ഥാപനങ്ങൾ ചേർന്നോ 'ഉപകരണ ആവശ്യകതാ നിർണ്ണയ ക്യാമ്പ്' നടത്തണം. ബ്ലോക്ക്തല ക്യാമ്പിനുവേണ്ടി ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തും നഗര ഭരണ സ്ഥാപനങ്ങളുടെ സംഗതിയിൽ അതാത് നഗരഭരണ സ്ഥാപനവും ക്യാമ്പിനുവേണ്ടിവരുന്ന ചെലവ് വഹിക്കണം.

(3) ക്യാമ്പിൽ പങ്കെടുക്കുന്ന വ്യക്തിക്കും ആവശ്യമെങ്കിൽ ഒരു സഹായിക്കും ഭക്ഷണ-യാത്രാ ചെലവുകൾക്കായി പരമാവധി 250 രൂപാ വീതം നൽകാവുന്നതാണ്.

(4) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സാമൂഹ്യസുരക്ഷാ മിഷൻ വൈകല്യം വ്യക്തമാക്കുന്ന കാർഡും സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. 40% ലധികം വൈകല്യമുള്ള അങ്ങനെയുള്ളവരേയും കാർഡ് ലഭിക്കാത്ത അർഹരായവരുണ്ടെങ്കിൽ അവരെയുമാണ് ക്യാമ്പിലേക്ക് ക്ഷണിക്കേണ്ടത്.

(5) ഓർത്തോട്ടിക് എഞ്ചിനീയർ (Orthotic Engineer), പ്രോസ്തെറ്റിക് എഞ്ചിനീയർ (Prosthetic Engineer), ഓഡിയോളജിസ്റ്റ് (Audiologist), ഓപ്തോമെട്രിസ്റ്റ് (Optrometrist) എന്നിവരടങ്ങുന്ന സംഘമാണ് പരിശോധന നടത്തേണ്ടത്. താലൂക്ക്/ജില്ലാ ആശുപത്രികളിൽ നിന്ന് ഈ വിദഗ്ധരെ ലഭിക്കുന്നതാണ്. ഡിസ്ട്രിക്ട് ഡിസ്ഏബിൾഡ് റിഹാബിലിറ്റേഷൻ സെന്റർ (DDRC), മെഡിക്കൽ കോളേജ് സാമൂഹ്യസുരക്ഷാമിഷൻ എന്നിവയുടെ സഹായം ഈ ആവശ്യത്തിന് തേടാവുന്നതാണ്.

**5.5. ഉപകരണങ്ങൾ വാങ്ങൽ**

ആവശ്യമായ ഉപകരണങ്ങൾ വികലാംഗ ക്ഷേമ കോർപ്പറേഷനിൽ നിന്നോ കെൽട്രോണിൽ നിന്നോ ആർട്ടിഫിഷ്യൽ ലിംപ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ഹൈദരാബാദ്/കാൺപൂർ) യിൽ നിന്നോ വാങ്ങാവുന്നതാണ്.

**5.6.** പല തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റ് പല ഏജൻസികളും വർഷങ്ങളായി ഉപകരണങ്ങൾ നൽകിക്കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ടുതന്നെ ഉപകരണം ഉള്ളവർക്കുതന്നെ അതേ ഉപകരണം വീണ്ടും നൽകപ്പെടാതിരിക്കാൻ വേണ്ട കർശന മുൻകരുതലുകൾ (സ്ഥിതിവിവരകണക്കുകൾ ഉൾപ്പെടെ) സ്വീകരിക്കേണ്ടതാണ്. ക്യാമ്പിൽ വച്ച് ഇതു സംബന്ധിച്ച വിവരശേഖരണം നടത്തുന്നത് അതിനുള്ള ഒരു മാർഗ്ഗമായിരിക്കും.

**5.7.** ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ചുവടെ വിവരിക്കുന്ന സഹായങ്ങൾ നിശ്ചിത നിരക്ക് പ്രകാരം നൽകാവുന്നതാണ്.

(എ) ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നമ്പർ | സ്റ്റാൻഡേർഡ്/ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേ സ്കോളർ | ഹോസ്റ്റലർ | |
| 1. | 1-4 / നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2. | 5-8 | 500 | 750 | 600 |
| 3. | 9, 10, +1, +2 | 600 | 800 | 800 |
| 4. | ബിരുദം | 800 | 1250 | 1000 |
| 5. | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6. | വൊക്കേഷണൽ പരിശീലനം | 1000 | 1500 | 1500 |
| 7. | കാലുകളുടെ വൈകല്യം മൂലം ചലനവൈകല്യമുള്ളവർക്ക് യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 250 | — | — |
| 8. | കാലുകളുടെ വൈകല്യം മൂലം ചലനവകൈല്യമുള്ളവർ സ്ഥാപനത്തിന്റെ സൗകര്യം ഉപയോഗിക്കുകയാണെങ്കിൽ യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | യഥാർത്ഥ ചെലവ് (സ്ഥാപന ത്തിന് നൽകണം) | — | — |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾ

| ക്രമ നമ്പർ | ഇനം | സ്കോളർഷിപ്പ് ബത്ത (രൂപ) |
|---|---|---|
| 1. | സ്കോളർഷിപ്പ് (പ്രതിമാസം) | 800 |
| 2. | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | 800 |
| 3. | പഠനസഹായികൾക്ക്/വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത (വാർഷികം) | 1400 |
| 4. | ഡേ സ്കോളർക്ക് യാത്രാബത്ത, ഉല്ലാസയാത്രാ ചെലവുകൾ, പഠനപര്യടനം മുതലായവ | 1. യഥാർത്ഥ ചെലവ്<br>2. രക്ഷാകർത്താക്കളിൽ ഒരാൾക്ക്/ഒരുസഹായിക്ക് ചെലവ് |

(സി) ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ

| ക്രമ നമ്പർ | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1. | വിദ്യാലയങ്ങളിൽ പോകാത്ത മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ പകൽ സമയം ഡേ കെയർ സെന്ററുകളിൽ കഴിയുന്നതിനുള്ള ബത്ത | പ്രതിമാസം 750 രൂപ - ഡേ കെയർ സെന്ററുകളിൽ ഈ വിഭാഗം ആളുകളുടെ സുരക്ഷയ്ക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും മറ്റ് സാമഗ്രികളും ലഭ്യമാണെന്ന് തദ്ദേശ ഭരണ സ്ഥാപനം ഉറപ്പുവരുത്തണം |

(ഡി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാലയങ്ങളിലോ ഡേകെയർ സെന്ററുകളിലോ പോകാത്തവർ (18 വയസ്സിൽ താഴെയുള്ളവർ)

| ക്രമ നമ്പർ | ഇനം | പ്രതിമാസ ബത്ത (രൂപ) |
|---|---|---|
| 1. | മാനസിക വെല്ലുവിളികൾ, വളർച്ചാസംബന്ധമായ വെല്ലുവിളികൾ, മസ്തിഷ്ക തളർവാതം (Cerebral palsy) ഓട്ടിസം (Autism) മുതലായവ നേരിടുന്നവർ | 750 |

**കുറിപ്പ് :**

(1) മാനസിക-ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ധനസഹായം നൽകുന്നതിനുള്ള പ്രോജക്ട് ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും മാത്രമേ ഏറ്റെടുക്കാവൂ.

(2) ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളായവരും അല്ലാത്തവരും ഏത് ഗ്രാമപഞ്ചായത്തിലെ/നഗരസഭയിലെ സ്ഥിരതാമസക്കാരനാണോ ആ ഗ്രാമപഞ്ചായത്ത്/നഗരസഭയാണ് അവർക്ക് ധനസഹായം നൽകേണ്ടത്.

(3) പ്രതിമാസ സ്കോളർഷിപ്പ്/ബത്ത വർഷത്തിൽ 12 മാസവും നൽകാവുന്നതാണ്.

(4) ധനസഹായം നിർവഹണ ഉദ്യോഗസ്ഥൻ നേരിട്ട് വിദ്യാർത്ഥിക്ക്/വ്യക്തിക്ക്/രക്ഷിതാവിന് നൽകണം.

(5) ധനസഹായത്തിന് തിരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികളായവരുടേയും അല്ലാത്തവരുടേയും പട്ടിക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതും ഗ്രാമ/വാർഡ്സഭയിൽ വായിച്ച് അംഗീകാരം നേടേണ്ടതുമാണ്.

**5.8.** തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പുനരധിവാസത്തിന് കുടുംബശ്രീയുടെ സഹായത്തോടെ 29.07.2009 ലെ ജി.ഒ. (എം.എസ്) നമ്പർ 148/2009/തസ്വഭവ ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് ബഡ്സ് സ്കൂളുകൾ എന്നപേരിൽ സ്പെഷ്യൽ സ്കൂളുകൾ സ്ഥാപിക്കാവുന്നതാണ്. ബഡ്സ് സ്കൂൾ ടീച്ചർമാർക്ക് (നിശ്ചിത യോഗ്യത നേടിയിട്ടില്ലാത്തവർക്ക്), പ്രതിമാസം 3400 രൂപ, ഹെൽപ്പർമാർക്ക്/ആയമാർക്ക് പ്രതിമാസം 2500 രൂപ, ബന്ധപ്പെട്ട മേഖലയിൽ പ്രൊഫഷണൽ ബിരുദമുള്ള ഫീസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നീ സ്പെഷ്യലിസ്റ്റുകൾക്ക് അവർ സേവനം നൽകുന്ന ഓരോ ദിവസത്തിനും 340 രൂപ എന്നീ നിരക്കുകളിൽ ഹോണറേറിയം നൽകാവുന്നതാണ്. നിശ്ചിത യോഗ്യതയുള്ള ടീച്ചർമാർക്ക് താഴെ പറയും പ്രകാരം ഹോണറേറിയം നൽകാവുന്നതാണ്.

| ക്രമ നമ്പർ | തസ്തിക | യോഗ്യത | ഹോണറേറിയം |
|---|---|---|---|
| 1. | സ്പെഷ്യൽ ടീച്ചർ | ബിരുദവും ബി.എഡ്. സ്പെഷൽ എഡ്യൂക്കേഷ (എം.ആർ) നും അല്ലെങ്കിൽ ബിരുദത്തോടൊപ്പം ഡി.എസ്.ഇ. (എം.ആർ), മൂന്ന് വർഷത്തെ പ്രവൃത്തിപരിചയം | 6900 രൂപ |
| 2. | ഗ്രാജുവേറ്റ് ടീച്ചർ | സ്പെഷൽ എഡ്യുക്കേഷനിൽ ബി.എഡ്ഡും അല്ലെങ്കിൽ ബിരുദത്തോടുകൂടിയ ഡി.എസ്.ഇ. (എം.ആർ) ഡിപ്ലോമയും ഒരുവർഷത്തെ പ്രവൃത്തി പരിചയവും | 5800 രൂപ |
| 3. | അസിസ്റ്റന്റ് ടീച്ചർ | സ്പെഷൽ എഡ്യുക്കേഷൻ ഡിപ്ലോമയും അല്ലെങ്കിൽ പ്ലസ്ടുവും ഡി.എസ്.ഇ. (എം.ആർ) ഡിപ്ലോമയും, ഒരു വർഷത്തെ പ്രവൃത്തിപരിചയവും | 3800 രൂപ |

ഗ്രാമപഞ്ചായത്തുകൾ ആരംഭിക്കുന്ന ബഡ്സ് സ്കൂളുകൾക്ക് സ്ഥലം വാങ്ങൽ കെട്ടിട നിർമ്മാണം, വർക്ക് ഷെഡ് നിർമ്മാണം എന്നിവക്ക് ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്.

### 5.9. പാലിയേറ്റീവ് പരിചരണം

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 02.11.2009-ലെ 66373/ഡി.എ1/2009 നമ്പർ സർക്കുലർ പുതുക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ആയതിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്.

## 6. പരിപാടികൾ

### 6.1. മൾബറി കൃഷിക്കും കൊക്കൂൺ ഉത്പാദനത്തിനുമുള്ള പ്രോജക്ടുകൾ

കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെയും സെൻട്രൽ സിൽക്ക് ബോർഡിന്റെ സാങ്കേതിക സഹായത്തോടെയും ഗ്രാമവികസന വകുപ്പ് നടപ്പാക്കുന്ന പരിപാടിയുടെ ഗുണഭോക്താക്കളാകുന്ന കർഷകർക്ക് പ്രസ്തുത പരിപാടിയുടെ വ്യവസ്ഥകൾക്ക് വിധേയമായി സബ്സിഡി നൽകാവുന്നതാണ്. സബ്സിഡി നിരക്ക് പിന്നീട് പ്രത്യേകമായി സർക്കാർ പുറപ്പെടുവിക്കുന്നതാണ്.

### 6.2. കൈത്തറി വികസന മേഖലയിൽ (Handloom Sector) ഹൗസ്-കം-വർക്ക് ഷെഡ് നിർമ്മാണം

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും കൈത്തറി വികസന മേഖലയിലെ ബി.പി.എൽ. താഴെയുള്ള തൊഴിലാളികൾക്ക് കേന്ദ്രാവിഷ്കൃത പരിപാടിയായ പുതിയ ഹൗസ്-കം-വർക്ക് ഷെഡ് നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(a) കൈത്തറി തൊഴിലാളികളുടെ ഹൗസ്-കം-വർക്ക് ഷെഡ് ഒരു കേന്ദ്രാവിഷ്കൃത പരിപാടിയാണ്. കേന്ദ്ര ഗവണ്മെന്റിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും സാമ്പത്തിക സഹായത്തോടെയാണ് പരിപാടി നടപ്പാക്കേണ്ടത്.

(b) ഹൗസ്-കം-വർക്ക് ഷെഡിന്റെ യൂണിറ്റ് കോസ്റ്റ് കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള പ്രകാരമായിരിക്കുന്നതാണ്. എന്നാൽ ഭവനനിർമ്മാണ പരിപാടിക്ക് നിശ്ചയിച്ചിട്ടുള്ള സബ്സിഡി നിരക്കിന്റെ പരിധിവരെ വിഹിതം വർദ്ധിപ്പിക്കുന്നതിനുവേണ്ടിവരുന്ന അധിക തുക ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്.

(c) കേന്ദ്ര ഗവണ്മെന്റ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭ/വാർഡ്സഭ മുഖേനയായിരിക്കണം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കേണ്ടത്. ഗ്രാമസഭ/വാർഡ് സഭ മുഖേന തിരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നൽകേണ്ടതും, അദ്ദേഹം ലിസ്റ്റ് കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്.

(d) കൈത്തറി ടെക്സ്റ്റൈയിൽസ് ഡയറക്ടർ ലിസ്റ്റ് അംഗീകരിച്ചുകഴിഞ്ഞാൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതവും ഗുണഭോക്തൃവിഹിതവും ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുന്നതിന് കേന്ദ്ര സർക്കാർ സബ്സിഡി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറേണ്ടതാണ്.

**6.3. പേവിഷ നിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളുടെ നിയന്ത്രണത്തിനും വേണ്ടിയുള്ള പ്രോജക്ടുകൾ**

ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് പേവിഷനിർമ്മാർജ്ജനത്തിനും തെരുവ് നായ്ക്കളെ നിയന്ത്രിക്കുന്നതിനുമുള്ള പ്രോജക്ടുകൾ പൊതുവിഭാഗത്തിൽ ഏറ്റെടുക്കാവുന്നതാണ്. അതിന്റെ നടത്തിപ്പ് സംബന്ധിച്ച് വിവരങ്ങൾ ചുവടെ നൽകുന്നു:

(a) പേവിഷനിർമ്മാർജ്ജന ബോധവല്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക

(b) ആവശ്യമുള്ള വാക്സിൻ ഒരുമിച്ച് ഓർഡർ നൽകിവാങ്ങുക

(c) ഓരോ സ്ഥാപനത്തിലും പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സന്നദ്ധതയുള്ള സാമൂഹ്യപ്രവർത്തകരെ കണ്ടെത്തി അവർക്ക് കുടുംബ ശ്രീയുടെയോ കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെയോ ആഭിമുഖ്യത്തിൽ പരിശീലനം നൽകുക. പരിശീലനം ലഭിച്ചവരെ പരിപാടി നടപ്പാക്കുന്നതിന് ചുമതലപ്പെട്ട കൺസൾട്ടന്റുമാരായി (Authorised Consultants) നിയോഗിക്കുക.

(d) നായ്ക്കളെ കുത്തിവെയ്ക്കുവാൻ ആവശ്യമുള്ള വാക്സിന്റെ യഥാർത്ഥ വില വികസന ഫണ്ടിൽ നിന്നും സബ്സിഡിയായി നൽകാവുന്നതാണ്. തെരുവ് നായ്ക്കളുടെ കുത്തിവെയ്പ്പിനാവശ്യമായ ചെലവ് വികസന ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്.

(e) വോളന്റിയർമാരുടെ പരിശീലനം, ക്യാമ്പയിൻ പ്രവർത്തനം മുതലായവയ്ക്ക് വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

(f) മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ചറിയിക്കുന്ന സ്ഥാപനത്തിൽ നിന്ന് അതേ നിരക്കിൽ ആവശ്യമായ വാക്സിൻ ഗ്രാമപഞ്ചായത്തുകൾക്ക് നേരിട്ട് വാങ്ങാവുന്നതാണ്. ഗ്രാമപഞ്ചായത്തുകൾക്കാവശ്യമായ വാക്സിന്റെ അളവ് മുൻകൂട്ടി മൃഗസംരക്ഷണ വകുപ്പിനെ അറിയിക്കേണ്ടതാണ്.

**6.4. ഭൂരഹിത-ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനം സ്ഥലം വാങ്ങൽ**

(a) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള, വീട് വയ്ക്കാൻ സ്ഥലമില്ലാത്ത എല്ലാ വിഭാഗം കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിനുള്ള ഭൂമി വികസന ഫണ്ട് വിനിയോഗിച്ച് ഗ്രാമപഞ്ചായത്തിന്/നഗരസഭാ സ്ഥാപനത്തിന് നേരിട്ട് വാങ്ങി ഭൂരഹിത-ഭവനരഹിതർക്ക് ലഭ്യമാക്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭാ സ്ഥാപനം ഭൂമി കണ്ടെത്തേണ്ടതും ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില പ്രകാരം ഭൂമി വാങ്ങേണ്ടതുമാണ്. ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് വസ്തു നൽകുവാൻ ഉടമസ്ഥൻ തയ്യാറാകുന്നില്ലെങ്കിൽ അതിനെക്കാൾ 30 ശതമാനം വരെ അധികം നഷ്ടപരിഹാരമായി (solatium) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാവുന്നതാണ്. അപ്രകാരമുള്ള തീരുമാനത്തിന് അധികവില നൽകേണ്ട സാഹചര്യത്തെ സംബന്ധിച്ച വ്യക്തമായ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ഭരണസമിതി ഏകകണ്ഠമായി പ്രമേയം പാസ്സാക്കേണ്ടതാണ്. വീട് വയ്ക്കുന്നതിന് സ്ഥലം നേരിട്ട് വാങ്ങുന്നതിനായി ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് വിഹിതം നൽകാവുന്നതാണ്. ഭൂമി വാങ്ങുന്നത് സംബന്ധിച്ച എല്ലാ നടപടികളും ജി.ഒ.(എം.എസ്.)9/2008/തസ്വഭവ തീയതി 07.01.2008 ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരമായിരിക്കണം.

(b) വീട് നിർമ്മിക്കുന്നതിന് വേണ്ട മിനിമം സ്ഥലം കുടുംബാംഗങ്ങളുടെ പേരിൽ ഇല്ലാത്തവരും, ഭാര്യക്കോ ഭർത്താവിനോ അവരുടെ പരമ്പരാഗത കുടുംബസ്വത്തിൽ നിന്നോ അവരുടെ അച്ഛനമ്മമാരിൽ നിന്നോ അനന്തരാവകാശമായി ലഭിക്കാനില്ലാത്തവരും ആയ കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനുള്ള സ്ഥലം നൽകാവുന്നതാണ്.

(c) ഒരു കുടുംബത്തിന് നൽകാവുന്ന പരമാവധി സ്ഥലം ഗ്രാമപ്രദേശങ്ങളിൽ മൂന്നര സെന്റും മുനിസിപ്പാലിറ്റികളിൽ രണ്ടര സെന്റും കോർപ്പറേഷനുകളിൽ രണ്ട് സെന്റും ആയിരിക്കണം

(d) ഗുണഭോക്താക്കൾക്ക് പഞ്ചായത്തിൽ നിന്നും നൽകുന്ന സ്ഥലത്തിന്റെ കൈവശരേഖയായിരിക്കണം ഗുണഭോക്താക്കൾക്ക് നൽകേണ്ടത്.

(e) മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ചേരിവികസനത്തിന് നീക്കിവെയ്ക്കുന്ന വികസന ഫണ്ട് ഭൂരഹിതരോ പൈതൃകസ്വത്തായി ഭൂമി ലഭിക്കാൻ സാദ്ധ്യതയില്ലാത്തവരോ ആയ പുറമ്പോക്ക് നിവാസികൾക്ക് അവർ അംഗീകൃത ചേരികളിൽ താമസിക്കുന്നവർ അല്ലെങ്കിൽപോലും, പുനരധിവാസത്തിനായി വിനിയോഗിക്കാവുന്നതാണ്.

## 6.5. വിവാഹ ധനസഹായം

1. പട്ടികജാതി/പട്ടികവർഗ്ഗ രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ രക്ഷാകർത്താക്കളുടെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പരിപാടികൾ ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽപെട്ട വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ കുടുംബങ്ങളിലെ വനിതകളുടെ വിവാഹത്തിന് 30,000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 30 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിൽ ഈ ധനസഹായത്തിന് അപേക്ഷിച്ചവർ തദ്ദേശഭരണ സ്ഥാപനത്തിൽ അപേക്ഷ നൽകാൻ പാടില്ല. തദ്ദേശ ഭരണ സ്ഥാപനത്തിൽ അപേക്ഷിച്ചവർ ബന്ധപ്പെട്ട വകുപ്പിലും അപേക്ഷ നൽകാവുന്നതല്ല.
2. മിശ്രവിവാഹിതരും (Intercaste Marriage), വ്യത്യസ്ത മതത്തിൽപെട്ടവരും വിവാഹം കഴിക്കുകയാണെങ്കിൽ (Inter-Religion Marriage) വരുമാനപരിധി 25,000 രൂപക്കുവിധേയമായി ബി.പി.എൽ ലിസ്റ്റിൽപ്പെട്ടവരോ അല്ലാത്തവരോ ആയ വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 15,000 രൂപ നിരക്കിൽ ധനസഹായം ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും നൽകാവുന്നതാണ്. വിവാഹത്തിന് 15 ദിവസം മുമ്പോ വിവാഹം കഴിഞ്ഞ് 30 ദിവസത്തിനകമോ അപേക്ഷ സമർപ്പിച്ചിരിക്കണം..

## 6.6. ഇൻഷുറൻസ് പരിപാടി

സമഗ്ര ആരോഗ്യ ഇൻഷൂറൻസ് സംസ്ഥാന സർക്കാർ തന്നെ നടപ്പിലാക്കിവരുന്നതിനാൽ വ്യക്തികൾക്കോ കുടുംബങ്ങൾക്കോ വേണ്ടി ഒരു ഇൻഷൂറൻസ് പരിപാടികൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കാൻ പാടില്ല. ഏതെങ്കിലും ഇൻഷൂറൻസ് പരിപാപടി ഏറ്റെടുക്കണമെങ്കിൽ അതിന് സർക്കാരിന്റെ പ്രത്യേക മാർഗ്ഗനിർദ്ദേശം ഉണ്ടായിരിക്കണം.

## 6.7. നിയമ സാക്ഷരതാ പരിപാടി

**6.8.** കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി, ഹൈസ്കൂൾ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയമസാക്ഷരതാ പരിപാടിക്ക് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഒരു സ്കൂളിന് പരമാവധി 4,000രൂപ എന്ന നിരക്കിൽ പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

**സമർത്ഥരായ പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം**

പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നൽകുന്ന പരിപാടി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്. പട്ടികജാതി- പട്ടികവർഗ്ഗ വികസന വകുപ്പിൽ ബാധകമായിട്ടുള്ള നിബന്ധനകൾ പാലിക്കേണ്ടതാണ്.

## 6.9. പട്ടികജാതി / പട്ടികവർഗക്കാർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം

പട്ടികജാതി / പട്ടികവർഗക്കാർക്ക് വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും ടിക്കറ്റും ഹാജരാക്കുന്ന മുറക്ക് 10,000/ രൂപയും യഥാർത്ഥ ടിക്കറ്റ് ചാർജ്ജും നൽകാവുന്നതാണ്.

മെറിട്ടോറിയസ് വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പഠിക്കുന്നതിന് കേരളത്തിൽ 25,000/- രൂപയും, സംസ്ഥാനത്തിന് പുറത്ത് 50,000/- രൂപയും സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൻ കൊടുക്കാവുന്നതാണ്. സർക്കാർ/അർദ്ധ സർക്കാർ സ്ഥാപനങ്ങളിലെ ജീവനക്കാർ 1,00,000 രൂപയിൽ കൂടുതൽ വാർഷിക വരുമാനമുള്ള കുടുംബങ്ങളിലെ അംഗങ്ങൾക്ക് ഈ ആനുകൂല്യം ലഭിക്കുന്നതല്ല. (ക്ലാസ് നാലു വിഭാഗം ജീവനക്കാർക്ക് ഇത് ബാധകമല്ല)

## 7. പൊതുവായ കാര്യങ്ങൾ

### 7.1. വ്യക്തിഗത ആനുകൂല്യ വിതരണ പരിപാടികൾ

ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമേ വ്യക്തിഗത ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന പരിപാടികൾ (Individual Beneficiary Oriented Asset Distribution Programmes) ഏറ്റെടുക്കാവൂ. എന്നാൽ ഈ നിബന്ധനയിൽ നിന്ന് ചുവടെ വിവരിക്കുന്ന ഇനങ്ങൾ ഒഴിവാക്കിയിട്ടുണ്ട്.

1. നെൽകൃഷിക്കാർക്ക് കൂലിച്ചെലവ് സബ്സിഡി – ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ബ്ലോക്ക് -ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാം
2. ഭൂരഹിത–ഭവനരഹിതർക്കുവേണ്ടി ഗ്രാമപഞ്ചായത്തുകൾ നേരിട്ട് സ്ഥലം വാങ്ങിക്കുന്ന പ്രോജക്ടുകൾ ഇതിലേക്ക് ബ്ലോക്ക് – ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാം
3. പട്ടികവർഗ്ഗക്കാർക്കുള്ള പുതിയ വീട് നിർമ്മാണം – ഗ്രാമപഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രോജക്ടുകൾക്ക് ജില്ലാ പഞ്ചായത്തുകൾക്ക് വിഹിതം നൽകാം.
4. എച്ച്.ഐ.വി. ബാധിതർക്കുള്ള പോഷകാഹാര വിതരണം, ജില്ലാ പഞ്ചായത്തുകളാണ് ഏറ്റെടുക്കേണ്ടത്. ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കാൻ പാടില്ല.

### 7.2. ശമ്പളം/ഹോണറേറിയം നൽകുന്നതിൽ നിയന്ത്രണം

വികസന ഫണ്ടിൽ നിന്ന് ശമ്പളം നൽകാൻ പാടില്ല. എന്നാൽ ഒരു പ്രോജക്ടിന്റെ ഭാഗമായി പരമാവധി ആറു മാസത്തേക്ക് ഹോണറേറിയമോ കൺസൾട്ടൻസി ചാർജ്ജോ നൽകാവുന്നതാണ്. ഇത് ഒരു കാരണവശാലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ശമ്പള ചെലവിന്റെ ബാദ്ധ്യതയുടെ ഭാഗമാകാൻ പാടില്ല. ഈ പൊതു നിബന്ധനയ്ക്ക് ചുവടെയുള്ള ഇളവ് അനുവദിക്കുന്നു.

1. ഗ്രാമസഭകളിലും വാർഡ്സഭകളിലും വനിതകളെ സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ പരിപാടി നടപ്പാക്കുന്നതിനുമുള്ള സേവനം നൽകുന്ന അംഗൻവാടി വർക്കർമാർക്ക് പ്രതിമാസം പരമാവധി 150 രൂപയും ഹെൽപ്പർമാർക്ക് പ്രതിമാസം 75 രൂപയും നിരക്കിൽ നൽകുന്ന ഹോണറേറിയം.
2. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 29.07.2009 ലെ ജി.ഒ. (എം.എസ്) നമ്പർ 148/2009/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ച് പരിപാലിക്കുന്ന സ്പെഷ്യൽ സ്കൂളുകളിലെ (BUDS) യോഗ്യരായ അദ്ധ്യാപകർ, ഹെൽപ്പർമാർ, സ്പെഷ്യലിസ്റ്റുകൾ എന്നിവർക്ക് നൽകുന്ന ഹോണറേറിയം.
3. ഗ്രാമപഞ്ചായത്തുകളുടെ കമ്പ്യൂട്ടർവൽക്കരണത്തിന്റെ ഭാഗമായി ഒരു വർഷത്തേയ്ക്ക് നിയമിക്കുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ വേതനം

### 7.3. വാഹനങ്ങൾ വാങ്ങൽ

31.03.2006 ലെ ജി.ഒ.(എം.എസ്.)86/2006/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി വാഹനങ്ങൾ വാങ്ങാവുന്നതാണ്. മേൽപ്പറഞ്ഞ ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരമല്ലാതെ (മറ്റേതൊരാവശ്യത്തിനാണെങ്കിലും) വാഹനങ്ങൾ സർക്കാർ അനുമതിയോടെ മാത്രമേ വാങ്ങാവൂ. സർക്കാർ ഉത്തരവ് പ്രകാരമോ അനുമതിയോടെയോ വാങ്ങിയ വാഹനം ഉപയോഗരഹിതമായാൽ കണ്ടം ചെയ്യുന്നതിനുള്ള നടപടികൾ പാലിച്ചുകൊണ്ട് വാഹനം ലേലം ചെയ്തശേഷം അതിനുപകരമായി പുതിയ അതേ വാഹനം വാങ്ങുന്നതിന് സർക്കാർ അനുമതി ആവശ്യമില്ല. ഇതിന് പുറമെ സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള പ്രകാരമുള്ള വാഹനങ്ങളും വാങ്ങാവുന്നതാണ്.

### 7.4. ഔഷധങ്ങൾ വാങ്ങൽ

കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ വാങ്ങൽ നടത്തി മരുന്നുകൾ ആരോഗ്യ സ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ പര്യാപ്തമായ രീതിയിൽ ലഭിക്കുന്നില്ലെങ്കിൽ, ആരോഗ്യ സ്ഥാപനങ്ങളിലേക്ക് അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി ആരോഗ്യ സ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ മരുന്ന് വാങ്ങുന്നതിന് മുമ്പ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റും വാങ്ങിച്ചിരിക്കണം. സർക്കാർ പ്രത്യേകം അനുവദിച്ചിട്ടുള്ള സംഗതികളിൽ പ്രോജക്ട് അനുമതി ലഭിച്ചശേഷം എന്നാൽ മരുന്ന് വാങ്ങുന്നതിനുമുമ്പ് നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങിച്ചാൽ മതി. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റില്ലാതെയും ആരോഗ്യസ്ഥാപനങ്ങളിലേക്ക് ലഭ്യമാക്കുന്നതിനു വേണ്ടിയല്ലാതെയും മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

അലോപ്പതി മരുന്നുകൾ കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്ന് മാത്രമേ വാങ്ങാവൂ. വകുപ്പിൽ പ്രാബല്യത്തിലുള്ള നിരക്കിൽ, ആയുർവേദ മരുന്നുകൾ ഔഷധി, ആയുർധാര എന്നീ സ്ഥാപനങ്ങളിൽ നിന്നോ സർക്കാർ ഉത്തരവ് പ്രകാരം വാങ്ങാൻ അനുവദിക്കപ്പെട്ട മറ്റ് സ്ഥാപനങ്ങളിൽ നിന്നോ വാങ്ങാവുന്നതാണ്. ഹോമി

യോപ്പതി മരുന്നുകൾ കേരള സംസ്ഥാന ഹോമിയോപ്പതിക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്ന് വാങ്ങാവുന്നതാണ്.വൃദ്ധർക്ക് മരുന്ന് കിറ്റ്, കമ്പിളി, കട്ടിലുകൾ, ഊന്നുവടി മുതലായ ആരോഗ്യവുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് പ്രോജക്ട് അനുവദനീയമല്ല എന്നാൽ സമഗ്ര ആരോഗ്യ പരിപാടിയിൻ കീഴിൽ ഹെൽത്ത് സെന്റർ വഴി രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള മരുന്നുകൾ എല്ലാ വിഭാഗങ്ങൾക്കും ലഭ്യമാക്കേണ്ടതാണ്. ആശ്രയ പദ്ധതി ഗുണഭോക്താക്കൾക്കുള്ള മരുന്ന് വാങ്ങുന്നത് സംബന്ധിച്ച് അതാത് കാലത്തെ ആശ്രയ പദ്ധതിയുടെ മാർഗരേഖ പ്രകാരം നടപ്പാക്കുന്നത് സംബന്ധിച്ച നിർദ്ദേശം ഉൾപ്പെടുത്താവുന്നതാണ്.

### 7.5 കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, എ.ഡി.എസ്., സി.ഡി.എസ്. സൊസൈറ്റികൾക്ക് റിവോൾവിംഗ് ഫണ്ട്

കുടുംബശ്രീ സംവിധാനത്തിലെ അയൽകൂട്ടങ്ങൾ, ഏരിയാ ഡെവലപ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികൾ എന്നിവയ്ക്ക് മാത്രം വ്യക്തമായ വായ്പ അധിഷ്ഠിതമായ ഒരു തൊഴിൽ സംരംഭം പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ മറ്റു സ്വയംസഹായ ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം, വായ്പ, റിവോൾവിംഗ് ഫണ്ട് മുതലായവ വികസന ഫണ്ടിൽ നിന്നും നൽകാവുന്നതല്ല.

### 7.6 കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട്

സബ്സിഡി നൽകുന്നതിന് പകരം കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും കർഷക സഹായ കേന്ദ്രങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നൽകാവുന്നതാണ്. എന്നാൽ ഏത് ആവശ്യത്തിനാണ് റിവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം പ്രോജക്ടിൽ പ്രത്യേകം വ്യക്തമാക്കേണ്ടതാണ്. കാർഷികാവശ്യത്തിനുള്ള വിത്തും വളവും കീടനാശിനികളും സാധനങ്ങളായിതന്നെ വിതരണം ചെയ്യുവാൻ കഴിയുന്നതിന് റിവോൾവിംഗ് ഫണ്ട് സഹകരണ സംഘങ്ങൾ മുഖേന നൽകേണ്ടതാണ്.

### 7.7.ബോധവൽക്കരണ ക്യാമ്പുകൾ, മേളകൾ മുതലായവയ്ക്ക് നിയന്ത്രണം

ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ, ഉല്ലാസ–പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ വിദൂര പ്രദേശങ്ങളിലെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്താവുന്നതാണ് (ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് വേണ്ടിയോ പ്രത്യേക ആവശ്യത്തിനുവേണ്ടിയോ ബോധവത്കരണ പരിപാടികൾ നടത്താൻ സർക്കാർ അനുവദിച്ചിട്ടുള്ള സംഗതികളിൽ ബോധവത്കരണ ക്യാമ്പുകൾ നടത്താവുന്നതാണ്).

(31)

### 7.8.സോഡിയം വേപ്പർ വിളക്കുകൾ വാങ്ങൽ

തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി സോഡിയം വേപ്പർ ലാമ്പുകൾ, മെർക്കുറി വേപ്പർ ലാമ്പുകൾ, ഹൈവോൾട്ട് ഇൻകാൻഡിസന്റ് ലാമ്പ് എന്നിവ സ്ഥാപിക്കുന്നതിനോ മാറ്റി സ്ഥാപിക്കുന്നതിനോ ഉള്ള പ്രോജക്ടുകൾ ഏറ്റെടുക്കാൻ പാടില്ല. എന്നാൽ നിലവിൽ സ്ഥാപിച്ചിട്ടുള്ളവയുടെ അറ്റകുറ്റപ്പണികൾ മെയിന്റനൻസ് ഫണ്ട്/തനത് ഫണ്ടിൽ ഏറ്റെടുക്കാവുന്നതാണ്.

### 7.9. പരിശീലന പരിപാടികൾ

പരിശീലന പരിപാടികൾ 25000 രൂപ വരുമാനപരിധിക്കുവിധേയമായി ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്കും അല്ലാത്തവർക്കും മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി ഗ്രാമപ്രദേശങ്ങളിൽ എസ്.ജി.എസ്.വൈ നിബന്ധനകളും നിരക്കുകളും പാലിച്ചുകൊണ്ടും, നഗരപ്രദേശങ്ങളിൽ എസ്.ജെ.എസ്.ആർ.വൈ. നിബന്ധനകളും നിരക്കുകളും പാലിച്ചുകൊണ്ടും മാത്രമേ പരിശീലന പരിപാടികൾ ഏറ്റെടുക്കാവൂ. പരിശീലനാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദനീയമല്ല. എന്നാൽ യാത്രചെലവ് നൽകാവുന്നതാണ്. കഴിവതും ഗുണഭോക്തൃ വിഹിതം കൂടി വകയിരുത്താൻ ശ്രമിക്കേണ്ടതാണ്. കമ്പ്യൂട്ടർ പരിശീലന പരിപാടികൾ ഏറ്റെടുക്കാവുന്നതല്ല. പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുമ്പോൾ സർക്കാർ സ്ഥാപനങ്ങൾക്ക് മുൻഗണന നൽകേണ്ടതാണ്. ദീർഘകാല പരിശീലനവും നിലവിൽ ചെയ്യുന്ന തൊഴിലിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പരിശീലനവും ആഗ്രഹിക്കുന്നവർക്ക്, സ്വയംസംരംഭകത്വ മിഷൻ, സ്കിൽ ഡവലപ്മെന്റ് മിഷൻ, കേന്ദ്ര–സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെ ഇത്തരം പരിശീലനങ്ങൾ നൽകുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയിലൂടെ ലഭ്യമാക്കാൻ കഴിയുന്ന വിവിധ പരിശീലനങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകേണ്ടതാണ്. പരിശീലനാർത്ഥികളെ ഗ്രാമസഭ/വാർഡ്സഭ മുഖേന തെരഞ്ഞെടുക്കണം. പ്രൊക്യുർമെന്റ് മാനുവലിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പരിശീലന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കേണ്ടത്.

## 7.10. പൊതുമരാമത്തു പ്രവൃത്തികൾ

(i) ചുവടെ പ്രതിപാദിക്കുന്നവ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ടെണ്ടർ ചെയ്യണം

1. സർക്കാർ ഉത്തരവ് പ്രകാരം അക്രഡിറ്റഡ് ഏജൻസികൾ മുഖേന ചെയ്യുവാൻ അനുവദനീയമായിട്ടുള്ള പ്രവൃത്തികൾ
2. സർക്കാർ ഉത്തരവ് പ്രകാരം ഡെപ്പോസിറ്റ് വർക്ക് ആയി ചെയ്യാവുന്ന പ്രവൃത്തികൾ
3. ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കാൻ തയ്യാറാകുന്ന 15 ലക്ഷത്തിൽ (സ.ഉ.(എം.എസ്.)178/12/തസ്വഭവ തീയതി 27.06.2012) അധികരിക്കാത്ത അടങ്കൽ തുകക്കുള്ള പ്രവൃത്തികൾ (ഗുണഭോക്തൃസമിതികൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ യാതൊരു കാരണവശാലും ബിനാമി ഏർപ്പാടായി ചെയ്യാൻ പാടില്ല. പ്രവൃത്തി ചെയ്യാനുള്ള സാമ്പത്തികശേഷിയും സാങ്കേതിക-സംഘാടന പരിചയവും ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം മാത്രമേ ഗുണഭോക്തൃസമിതികളെ പ്രവൃത്തികൾ ഏല്പിക്കാവൂ. മുഴുവൻ ഗുണഭോക്താക്കൾക്കും രേഖാമൂലം അറിയിപ്പ് നൽകി അവരിൽ നിന്ന് അവർതന്നെ തിരഞ്ഞെടുക്കുന്നതായിരിക്കണം ഗുണഭോക്തൃസമിതി.
4. ബിനാമി ഇടപാടില്ലാതെ, സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്തു നടത്താൻ വേണ്ട സാമ്പത്തിക-സാങ്കേതിക-സംഘാടനശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക-രക്ഷാകർതൃ സമിതികൾ, അംഗൻവാടി വെൽഫയർ കമ്മിറ്റികൾ എന്നിവയെ അംഗീകൃത ഏജൻസികളായി കണക്കാക്കി, അതാതു സ്ഥാപനവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏല്പിക്കാവുന്നതാണ്.
5. കമ്മ്യൂണിറ്റി കോൺട്രാക്ടിംഗ് എന്ന നിലയിൽ 5 ലക്ഷം രൂപയിൽ അധികരിക്കാത്ത പ്രവൃത്തികൾ കുടുംബശ്രീ മിഷനിൽ രജിസ്റ്റർ ചെയ്ത കുടുംബശ്രീ മേസൺ യൂണിറ്റുകളെ ഏല്പിക്കാവുന്നതാണ്. ബന്ധപ്പെട്ട സി.ഡി.എസിന്റെ മേൽനോട്ടത്തിലായിരിക്കണം പ്രവൃത്തി നടത്തേണ്ടത്. സി.ഡി.എസ്. യോഗം അംഗീകരിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഉണ്ടായിരിക്കണം. ബിനാമി ഇടപാട് ഉണ്ടാകരുത്. അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോഴുള്ള നടപടിക്രമങ്ങൾ പാലിക്കണം. കുടുംബശ്രീ മെസൻ യൂണിറ്റുകൾ കുടുംബശ്രീ മിഷനിൽ രജിസ്റ്റർ ചെയ്തവ ആയിരിക്കണം മിഷൻ നൽകിയിട്ടുള്ള രജിസ്ട്രേഷൻ രേഖ ഹാജരാക്കുന്ന യൂണിറ്റുകളെ മാത്രമെ കമ്മ്യൂണിറ്റി കോൺട്രാക്ട് എന്ന നിലയിൽ പ്രവൃത്തികൾക്ക് പരിഗണിക്കാവൂ.

(ii) ഗുണഭോക്തൃസമിതികളേയോ അംഗീകൃത ഏജൻസികളെയോ ഏല്പിക്കുന്നതിനുവേണ്ടിയോ മറ്റേതെങ്കിലും ഉദ്ദേശ്യത്താലോ പ്രവൃത്തികൾ വിഭജിക്കുന്നത് അനുവദനീയമല്ല.

(iii) ടെണ്ടർ ചെയ്യുന്നതിനുള്ള വർദ്ധിച്ച പരസ്യ ചെലവ് ഒഴിവാക്കുന്നതിന് ഒരു പരസ്യത്തിലൂടെ എല്ലാ പ്രവൃത്തികളും ഒരുമിച്ച് ടെണ്ടർ ചെയ്യാവുന്നതാണ്. പരസ്യം വ്യാപകമായി പ്രചാരത്തിലുള്ള ഒരു മലയാള ദേശീയ പത്രത്തിലെങ്കിലും പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. ടെണ്ടർ നോട്ടീസ് പൊതുജനങ്ങളുടെ അറിവിലേക്ക് ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കണം. ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഓരോ പ്രവൃത്തിക്കുവേണ്ടിയും ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണം. ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ മാതൃകയിലായിരിക്കണം.

(iv) രണ്ട് വർഷത്തിലധികം സമയമെടുത്ത് പൂർത്തിയാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഇടയ്ക്കുവച്ച് നിർത്തിവയ്ക്കാതെ പൂർത്തിയാക്കാവുന്ന രീതിയിൽ ആദ്യ വർഷം തന്നെ ടെണ്ടർ ചെയ്യാവുന്നതാണ്.

## 7.11. കുടിവെള്ള പ്രോജക്ടുകൾ

1. കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും (operationand maintenance) ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കാമെന്ന കരാറിൽ ഏർപ്പെട്ടശേഷമേ പ്രവൃത്തിയുടെ നിർവഹണം ആരംഭിക്കാവൂ. എന്നാൽ 5000 രൂപയിൽ അധികരിച്ചു വരുന്ന അറ്റകുറ്റപ്പണികൾ തദ്ദേശ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
2. ഇടുക്കി, വയനാട് ജില്ലകളിൽ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള എസ്റ്റേറ്റ് ഭൂമിയിൽ കുടിവെള്ള ആവശ്യത്തിന് കിണർ കുഴിക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ, കിണർ പൊതുവായി ഉപയോഗിക്കുന്നതിൽ എതിർപ്പ് ഇല്ലെന്നും പൊതു ഉപയോഗത്തിനുള്ള സൗകര്യങ്ങൾ നൽകുന്നതാണെന്നുമുള്ള ഒരു കരാറിൽ ഭൂവുടമയുമായി ഏർപ്പെടണം. സ്ഥലവും വഴിയും തദ്ദേശഭരണ സ്ഥാപനത്തിലേക്ക് സറണ്ടർ ചെയ്തു വാങ്ങുകയും വേണം. ഇങ്ങനെ നിർമ്മിക്കുന്ന കിണറുകളുടെ പരിസരത്ത് പൊതുകിണർ എന്ന ബോർഡ് സ്ഥാപിക്കേണ്ടതാണ്.
3. പൊതു ടാപ്പുകൾ നൽകാൻ പാടില്ലത്തതാണ്. പകരം ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. ഹൗസ് കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും നൽകുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കണം. വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ്ലൈനിൽ നിന്നായിരിക്കണം ഹൗസ് കണക്ഷൻ നൽകേണ്ടത്. ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തികൾ ഗുണഭോക്താക്കൾ തന്നെ ചെയ്യണം. പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്നമുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി ഗുണഭോക്താക്കൾക്ക് നൽകാവുന്നതാണ്.

4. ജലനിധി പദ്ധതി, സമാനമായ മറ്റ് കുടിവെള്ളപദ്ധതികൾ എന്നിവ നടപ്പാക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ വീണ്ടും കുടിവെള്ളവിതരണ പ്രോജക്ടുകൾ ഏറ്റെടുക്കേണ്ടതില്ല.

## 7.12. പ്രോജക്ടുകളുടെ കുറഞ്ഞ അടങ്കൽ തുക

ജില്ലാ പഞ്ചായത്തുകൾ 15 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകളും ബ്ലോക്ക് പഞ്ചായത്തുകൾ 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള പ്രോജക്ടുകളും ഏറ്റെടുക്കാൻ പാടില്ല. എന്നാൽ മുമ്പ് തുടങ്ങിയ പ്രോജക്ടുകൾ പൂർത്തീകരിക്കുക, വരൾച്ച/വെള്ളപ്പൊക്കം, മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ നേരിടുക മുതലായവ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലും നിശ്ചിത തുകയിൽ കുറവ് അടങ്കൽ തുകയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. കൈമാറിയ സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കിപ്പണിയൽ, കൂട്ടിച്ചേർക്കലുകൾ എന്നിവയ്ക്കും സാമഗ്രികൾ വാങ്ങുന്നതിനും ഉള്ള പ്രോജക്ടുകൾക്ക് കുറഞ്ഞ പരിധി ബാധകമല്ല.

## 7.13. ജലസേചന/കുടിവെള്ള വിതരണ പരിപാടികൾക്ക് ഒ.വൈ.ഇ.സി.ചാർജ്ജ്

ജലസേചന പ്രോജക്ടുകൾക്കും കുടിവെള്ള പ്രോജക്ടുകൾക്കും വൈദ്യുതി ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകൾക്ക് ഗാർഹിക കണക്ഷൻ നൽകുന്നതിനും Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്/തനത് ഫണ്ട് വിനിയോഗിക്കാവുന്നതാണ്.

## 7.14. തനതു ഫണ്ടിന്റെ/ഗുണഭോക്തൃ വിഹിതത്തിന്റെ വിനിയോഗം

1. ഗുണഭോക്തൃവിഹിതം നിർബന്ധമായും നൽകേണ്ട എല്ലാ പ്രോജക്ടുകൾക്കും അവ മറ്റ് കേന്ദ്രാവിഷ്കൃത പരിപാടിയുമായോ സംസ്ഥാനാവിഷ്കൃത പരിപാടിയുമായോ സംയോജിപ്പിക്കുകയാണെങ്കിൽ തന്നെയും, പ്രോജക്ടിന്റെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ വിഹിതം കണക്കാക്കേണ്ടത്.
2. ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ടിലേക്ക് അടച്ചതിനു ശേഷം, മറ്റൊരു നിർദ്ദേശം ഇല്ലാത്തപക്ഷം, കരാറുകാരന്/നിർവഹണ ഏജൻസിക്ക് ഉചിതമായ സമയത്ത് കൈമാറേണ്ടതാണ്.
3. ഗുണഭോക്തൃ വിഹിതം തദ്ദേശഭരണ സ്ഥാപനം നൽകുന്ന തുകയുടെ ഗഡുക്കൾക്ക് ആനുപാതികമായി മുൻകൂർ ആയി ഈടാക്കേണ്ടതാണ്.
4. ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും അവയുടെ തനതു ഫണ്ട് പ്രോജക്ടുകൾ നടപ്പാക്കാനുള്ള അധിക വിഭവമായിവകയിരുത്താവുന്നതാണ്. എന്നാൽ അങ്ങനെ വകയിരുത്തുന്ന തുകകൾക്ക് സബ്സിഡി മാർഗ്ഗരേഖയിലും പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിലും പറഞ്ഞ എല്ലാ നിബന്ധനകളും ബാധകമായിരുക്കുന്നതാണ്.
5. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവയുടെ തനതു ഫണ്ട് വികസന ഫണ്ടുമായും, ഗുണഭോക്തൃ വിഹിതം വികസന ഫണ്ടുമായും തനതു ഫണ്ടുമായും ഇഷ്ടാനുസരണം സംയോജിപ്പിക്കാം. എന്നാൽ പ്രോജക്ട് അംഗീകാര ശേഷം തനതു ഫണ്ടിന്റെയോ ഗുണഭോക്തൃ വിഹിതത്തിന്റെയോ കുറവ് നികത്തുന്നതിന് വികസന ഫണ്ടിന്റെ തുകയിൽ വർദ്ധനവ് വരുത്തുന്നതിനുവേണ്ടി പ്രോജക്ട് ഭേദഗതി വരുത്താൻ പാടില്ല. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ഒരു തദ്ദേശഭരണ സ്ഥാപനത്തിന് തനതു ഫണ്ടോ ഗുണഭോക്തൃ വിഹിതമോ മതിയായ തോതിൽ ലഭ്യമാകുമെന്ന് നിശ്ചയമായും ഉറപ്പുണ്ടെങ്കിൽ മാത്രമേ അവ പ്രോജക്ടിൽ ഉൾപ്പെടുത്താൻ പാടുള്ളൂ.
6. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളിൽ പറഞ്ഞിട്ടുള്ള, ഗുണഭോക്താക്കൾ നൽകേണ്ട ഗുണഭോക്തൃവിഹിതം തദ്ദേശ ഭരണ സ്ഥാപനങ്ങൾ നൽകാൻ പാടില്ല.

## 7.15. ജലസേചന പരിപാടികൾ

ജലസേചന പരിപാടികളുടെ ഗുണഭോക്തൃ പ്രദേശം (Ayacut area) നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നൽകുന്ന ആയക്കെട്ട് സർട്ടിഫിക്കറ്റ് മതിയാകുന്നതാണ്. എന്നാൽ നിർബന്ധവുമാണ്. യഥാർത്ഥ ജലവിതരണം നടത്താത്ത, ജല സംരക്ഷണം മാത്രമുള്ള പ്രോജക്ടുകൾക്ക് ആയക്കെട്ട് സർട്ടിഫിക്കറ്റ് നൽകാവുന്നതല്ല. ജലസേചന പ്രോജക്ടുകളുടെ അടങ്കൽ തുകയുടെ 10% പ്രയോജനം ലഭിക്കുന്ന സ്ഥലമുടമകൾ വഹിക്കേണ്ടതാണ്. ജലസേചന പരിപാടികളുടെ ഭാഗമായി ചെയ്യേണ്ടിവരുന്ന, ജലസ്രോതസ്സുകളിൽ മണ്ണ്/ചെളി നീക്കം ചെയ്യൽ, വശങ്ങൾ മണ്ണിട്ട് നികത്തൽ, പുല്ല് വച്ചുപിടിപ്പിക്കൽ തുടങ്ങിയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യേണ്ടതാണ്.

## 7.16. ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നടപ്പാലങ്ങൾ നിർമ്മിക്കുന്നതിൽ നിയന്ത്രണം

ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നടപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ പൊതു വിഭാഗത്തിലോ പ്രത്യേക ഘടക പദ്ധതിയിലോ ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ ആ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം പട്ടികവർഗ്ഗ ഊരുകളുടെ ഉപയോഗത്തിനു മാത്രമുള്ള നടപ്പാലങ്ങളുടെയും പടവുകളുടെയും (foot bridges and foot steps) നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

### 7.17. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ

1. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ ആശ്രയ പരിപാടി പ്രകാരം കണ്ടെത്തിയ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് സ്ഥലം നൽകൽ, ഭവന നിർമ്മാണം, വീടിന്റെ പുനരുദ്ധാരണം, കക്കൂസുകളുടെ നിർമ്മാണം, വീട് വൈദ്യുതീകരണം എന്നീ ആനുകൂല്യങ്ങൾ നൽകേണ്ടതാണ്. എന്നാൽ ദീർഘനാളുകൾക്ക് മുമ്പു തയ്യാറാക്കിയിട്ടുള്ള ആശ്രയാ പ്രോജക്ടുകൾ ഗുണഭോക്തൃ പട്ടിക ഉൾപ്പെടെ) കാലോചിതമായി പുനഃപ്പരിശോധിക്കേണ്ടതും പരിഷ്ക്കരിക്കേണ്ടതും ഗ്രാമസഭാ അംഗീകാരം വാങ്ങേണ്ടതാണ്. പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് സ്വയമേവ അർഹരാകുന്നതാണ്.
2. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വേണ്ടിയുള്ള എല്ലാ പ്രോജക്ടുകളുടെയും ഗുണഭോക്തൃ തിരഞ്ഞെടുപ്പ് താഴെ പറയും പ്രകാരം മൂന്ന് ഘട്ടങ്ങളായി ചെയ്യണം.
   (i) അപേക്ഷകൾ ക്ഷണിക്കുകയും മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം നിശ്ചയിച്ചിട്ടുള്ള മാർക്കുകൾ നൽകി വാർഡ് അടിസ്ഥാനത്തിൽ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുകയും ചെയ്യുക.
   (ii) ലഭിച്ച അപേക്ഷകൾ, നൽകിയ മാർക്കുകളുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ കമ്മ്യൂണിറ്റി ഡവലപ്മെന്റ് സൊസൈറ്റി സംവിധാനത്തിലെ അയൽക്കൂട്ട ശൃംഖല മുഖേന പുന:പരിശോധിക്കുക (reverification)
   (iii) തദ്ദേശഭരണ സ്ഥാപനം മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കുടുംശ്രീയുടെ സഹായത്തോടെ ഗ്രാമസഭ/വാർഡ്സഭകളിൽ അവതരിപ്പിച്ച് വിശദമായി ചർച്ച ചെയ്ത് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിക്കുക.

### 7.18. മറ്റിനങ്ങൾ

1. സർക്കാർ സ്കൂളുകളിൽ ഐ.ടി@സ്കൂൾ പ്രോജക്ടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്. കുടുംബശ്രീ മിഷന്റെയും കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റികളുടെയും ക്ലസ്റ്റർ/കോമൺ ഫിസിലിറ്റി സെന്റർ പ്രോജക്ടുകൾക്ക് പശ്ചാത്തല സൗകര്യം ഏർപ്പെടുത്താവുന്നതാണ്.
2. വെറ്ററിനറി പോളിക്ലിനിക്കുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ളതിനാൽ വെറ്ററിനറി പോളിക്ലിനിക്കുകളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.
3. ജില്ലാ പഞ്ചായത്തുകൾക്ക് കൈമാറിയിട്ടുള്ള ഹൈസ്കൂളുകളുടെ/ഹയർ സെക്കന്ററി സ്കൂളുകളുടെ ഭാഗമായിട്ടുള്ള ലോവർ പ്രൈമറി സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം/ഫർണീച്ചർ വാങ്ങി നൽകൽ മുതലായവയ്ക്ക് ഗ്രാമപഞ്ചായത്തുകളുടെ വികസന ഫണ്ട് വിനിയോഗിക്കാവുന്നതാണ്.
4. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം മുതലായ പ്രോജക്ടുകൾ എല്ലാ ഗവണ്മെന്റ് സ്കൂളുകളിലും നിശ്ചിത സ്റ്റാൻഡേർഡിൽ നടപ്പാക്കിയതിനുശേഷം എയ്ഡഡ് പ്രൈമറി സ്കൂളുകളിലും നടപ്പാക്കാവുന്നതാണ്.